# കഷായയോഗങ്ങൾ

**കേരളത്തിൽ സാമാന്യേന ലഭ്യമാകുന്ന കഷായചൂർണ്ണാദ്യൗഷധങ്ങളുടെ ഗ്രന്ഥഭാഗവും അതിന്റെ സാമാന്യവിവരണവുമാണ് ഇവിടെ ലഭ്യമാക്കുവാൻ ശ്രമിച്ചിട്ടുള്ളത്. ആവശ്യമെങ്കിൽ അതതു ഗ്രന്ഥങ്ങളിൽത്തന്നെ പരിശോധന സാധ്യമാക്കുവാനായി പ്രകരണവും ശ്ലോകത്തിന്റെ ക്രമാങ്കവും കൂടെ ചേർത്തിട്ടുമുണ്ട്. യോഗങ്ങളുടെ പേരിനു ശേഷം വി.ഒ.എസ്. എന്നു കൊടുത്തിട്ടുള്ളത് ആ ഔഷധം വൈദ്യരത്നം ഔഷധശാലയിൽ ലഭ്യമാണെന്ന് സൂചിപ്പിക്കുന്നതിനാണ്.**

**1. അഭയാപിപ്പലീമൂലാദി കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.സ്ഥാ.-അ.1-ജ്വരചികിത്സാ-54-55)*

**രുഗ്വിബന്ധാനിലശ്ലേഷ്മയുക്തേ ദീപനപാചനം**
**അഭയാപിപ്പലീമൂലശമ്യാകകടുകാഘനം**

വാതകഫജ്വരത്തിൽ വേദനാവിശേഷങ്ങളും മലബന്ധവും ഉള്ളിടത്ത് ദീപനപാചനമായിട്ടാണ് ഈ കഷായം നിർദ്ദേശിക്കപ്പെടുന്നത്. കടുക്കത്തോട്, കാട്ടുതിപ്പലിവേര്, ത്രികോല്പക്കൊന്ന, കടുകുരോഹിണി, മുത്തങ്ങ, എന്നിവയാണ് ഇതിലെ മരുന്നുകൾ.

**2. അമൃതാരജന്ന്യാദികഷായം.**

*(സ.യോ.വിസർപ്പവിസ്ഫോടം)*

**അമൃതാരജനീനിംബയാഷരോഗഘ്നതോയദൈഃ**
**പഥ്യാധാത്രീവൃഷൈഃ ക്വാഥഃ ശീതപിത്തനിബർഹണഃ**

ചിറ്റമൃത്, വരട്ടുമഞ്ഞൾ, വേപ്പിൻതൊലി, കൊടിത്തൂവവേര്, കൊട്ടം, മുത്തങ്ങക്കിഴങ്ങ് മൊരിനീക്കി കടുക്കത്തൊണ്ട്, നെല്ലിക്കത്തൊണ്ട്, ആടലോടകവേര്, എന്നിവകൊണ്ടുള്ള കഷായം ശീതപിത്തം എന്ന രോഗത്തെ ഇല്ലാതാക്കും.

**3. അമൃതവൃഷപടോലാദികഷായം**

*(സ.യോ.വിസർപ്പവിസ്ഫോടം)*

**അമൃതവിഷപടോലം മുസ്തകം സപ്തപർണ്ണം**
**ഖദിരമസിതവേത്രം നിംബപത്രം ഹരിദ്രേ**
**വിവിധവിഷവിസർപ്പാൻ കുഷ്ഠവിസ്ഫോടകണ്ഡൂ-**
**രപനയതി മസൂരിം ശീതപിത്തം ജ്വരം ച**

ചിറ്റമൃത്, ആടലോടകവേര്, പടവലം, മുത്തങ്ങ, ഏഴിലംപാലത്തൊലി, കരിങ്ങാലിക്കാതൽ, കറുത്തചൂരൽ കഴുത്ത്, വേപ്പില, മഞ്ഞൾ, മരമഞ്ഞൾത്തൊലി സമം കഷായം. ഇക്കഷായം പലേവിധത്തിലുള്ള വിഷജന്യമായ വിസർപ്പത്തിൽ ഗുണകരമാണ്. കുഷ്ഠരോഗം, പുളകൻ, ചൊറിച്ചിൽ, എന്നിവയേയും ഇല്ലാതാക്കും. മസൂരിയിലും ശീതപിത്തരോഗത്തിലും ഹിതമാണ്. ഇവയോടെല്ലാമനുബന്ധിച്ചുള്ള ജ്വരത്തിലും കൊടുക്കാവുന്നതാണ്.

**4. അമൃതാദ്വിതയം കഷായം**

*(അ.ഹൃ.-ചി.സ്ഥാ.-അ.17-ശ്വയഥുചികിത്സാ-39)*

**അമൃതാദ്വിതയം ശിവാടികാ**
**സുരകാഷ്ഠം സപുരം സഗോജലം**
**ശ്വയഥൂദരകുഷ്ഠപാണ്ഡുതാ**
**കൃമിമേഹോർദ്ധ്വകഫാനിലാപഹം**

വൈദ്യരത്നം ഔഷധശാല

ചിറ്റമൃത്, കടുക്കത്തോട്, തവിഴാമവേര്, ദേവതാരം ഇവ കഷായം വെച്ച് ശുദ്ധഗുഗ്ഗുലുവും ഗോമൂത്രവും ചേർത്ത് സേവിക്കുക. നീര്, ഉദരരോഗം, കുഷ്ഠം, പാണ്ഡു, കൃമി, പ്രമേഹം, ഊർദ്ധ്വാംഗജമായ കഫജവും വാതികവുമായ രോഗങ്ങൾ ഇവ ശമിക്കും.

ഇതു തന്നെയാണ് തീസടാചാര്യൻ

**മൂത്രേണ വർഷാഭൂസുരേന്ദ്രദാരു**
**പഥ്യാമൃതാനാം ക്വഥനേന വാപി**
**പീതോ ജയേദ് ഗുഗ്ഗുലുരേക ഏവ**
**ശോഫം സപാണ്ഡൂദരമേദുരത്വം**

എന്ന് ചികിത്സാകലികയിൽ പറഞ്ഞിട്ടുള്ളതും.

### 5. അമൃതാഷഡംഗം കഷായം

*(ചി.മ.-അ.46-വാതശോണിതചികിത്സ,16)*

**ഷഡംഗം ചുക്കുകൂടാതേ സാമൃതം പിബതാം നൃണാം**
**പനിക്കും വാതരക്തത്തെ തടുക്കും നോവുമില്ലയാം**

ഷഡംഗത്തിൽ നിന്നും ചുക്ക് നീക്കി പകരം ചിറ്റമൃതു ചേർത്ത് കഷായം വെച്ചു സേവിക്കുക. വാതരക്തത്തിലെ പനിയെ ശമിപ്പിക്കും. വേദനകളെയും ഇല്ലാതാക്കും.

### 6. അമൃതോത്തരം കഷായം (വി.ഒ.എസ്.)

*(സ.യോ.-ജ്വരം-നാഗരാദികഷായം)*

**നാഗരാമൃതഹരീതകീ ക്രമാ-**
**ന്നാഗഹസ്തനയനാംഘ്രിഭാഗശഃ**
**സാധുസിദ്ധമുദകം സശർക്കരം**
**നാശയത്യഖിലദോഷജം ജ്വരം**

ചുക്ക്, ചിറ്റമൃത്, കടുക്കത്തോട് ഇവ ക്രമത്തിൽ 2-6-4 എന്നീ ഭാഗങ്ങളായി എടുത്ത് ഉണ്ടാക്കുന്ന കഷായം പഞ്ചസാരചേർത്ത് സേവിച്ചാൽ ത്രിദോഷജമായ ജ്വരവും ശമിക്കും.

ഇവിടെ നാഗഹസ്തനയനാംഘ്രിഭാഗശഃ എന്നതുകൊണ്ടാണ് ഓരോന്നിന്റേയും ഭാഗക്രമം പറഞ്ഞിട്ടുള്ളത്. നാഗം എന്നാൽ ആന. ഇവിടെ അഷ്ടദിഗ്ഗജങ്ങളാണ് വിവിക്ഷ. അംഘ്രിഭാഗം എന്നാൽ നാലിൽ ഒന്ന് അഷ്ടദിഗ്ഗജങ്ങളുടെ നാലിൽ ഒന്ന്- 2 ഭാഗം(ചുക്ക്). ഒരാനക്ക് മുന്നിലെ രണ്ടുകാലും തുമ്പിക്കയ്യും കൂട്ടി മൂന്നുകയ്യ്. ഗണപതിയെ സങ്കല്പിക്കുക. അഷ്ടദിഗ്ഗജങ്ങളും ദേവരൂപികൾ തന്നെ. ആകെ ഇരുപത്തിനാലു കയ്യ്. അതിന്റെ നാലിൽ ഒന്ന് 6 ഭാഗം (അമൃത്). അഷ്ടദിഗ്ഗജങ്ങൾക്ക് ആകെ കണ്ണുകൾ പതിനാറ്. അതിന്റെ നാലിൽ ഒന്ന് 4 ഭാഗം (കടുക്ക).

ചികിത്സാക്രമത്തിലും ഇതേ യോഗം കാണുന്നു

ചികിത്സാമഞ്ജരി (ജ്വരം-50.അമൃതോത്തരം /അമൃതാരേചക്യാദി കഷായം)യിലെ ഭാഷാശ്ളോകം നോക്കുക.

അമൃതുമറുകഴഞ്ചായ് രേചകീ നാൽക്കഴഞ്ചാ-

യഖിലമിരുകഴഞ്ചായ് കൊണ്ടു പക്വം കഷായം

ഗുളലവണസമേതം തത് പിബേദാശു തീരും

പനിയൊടു മലസംഗം വീക്കവും കാമിലാ ച

സർവരോഗചികിത്സാരത്നത്തിലാകട്ടെ ഇങ്ങിനെ പറയുന്നു.

പനിയുള്ളവർക്കു വയറിളക്കുവാൻ

അമൃതാറു കഴഞ്ചാക്കു നാൽക്കഴഞ്ചു കടുക്കയും

ചുക്കു രണ്ടു കഷായത്താൽ വിരേചിച്ചൊഴിയും ജ്വരം

ചിറ്റമൃതു കഴഞ്ച് ആറ്, കടുക്ക കഴഞ്ച് നാല്, ചുക്ക് കഴഞ്ച് രണ്ട് ഇവകൊണ്ടുള്ള കഷായം വിരേചനമുണ്ടാക്കി പനിയെ കളയും.

### 7. അർദ്ധവില്വം കഷായം

*(സ.യോ.-ശോഫം)*

സഹസ്രയോഗത്തിൽ ചുക്കുചുണ്ടാദി എന്നാണ് കാണുക.

**ചുക്കുചുണ്ടകടലാടിസതുവാ**

**നാലുമായറുകഴഞ്ചിവകൊണ്ട്**
**അർദ്ധവില്വതവിഴാമകഷായം**
**ഹന്തി ശോഫമപി സംഗവും വിശഃ**

ചുക്ക്, പുത്തരിച്ചുണ്ടവേര്, ചെറുകടലാടിവേര്, കൊടിത്തൂവവേര് ഇവ ഒന്നരകഴഞ്ചു വീതം (71/2 ഗ്രാം വീതം) തവിഴാമവേര് ആറു കഴഞ്ച്(30 ഗ്രാം) ഇങ്ങിനെ കണ്ടു കഷായം വെച്ചു സേവിക്കുക. ശരീരമാസകലമുണ്ടാകുന്ന നീരിനെ ഇല്ലാതാക്കും. മലബന്ധവും തീരും. ഈ യോഗം കുടിവെള്ളമായി ധാരാളം പ്രയോഗിച്ചു വരുന്നു. (വില്വം=1 പലം. അർദ്ധവില്വം അരപ്പലം- 6കഴഞ്ച്.)

**8. അഷ്ടവർഗം കഷായം (വി.ഒ.എസ്.)**

*(സ.യോ.-വാതം-ബലാസഹചരാദി കഷായം)*

**ബലാസഹചരൈരണ്ഡശുണ്ഠീരാസ്നാസുരദ്രുമൈഃ**
**സസിന്ദുവാരലശുനൈരഷ്ടവർഗോ/നിലാപഹഃ**

കുറുന്തോട്ടിവേര്, കരിംകുറുഞ്ഞിവേര്, ആവണക്കിൻവേര്, ചുക്ക്, ചുവന്നരത്ത, ദവതാരം, കരിനൊച്ചിവേര്, വെളുത്തുള്ളി ഇങ്ങിനെ എട്ടു കൂട്ടം കൊണ്ടുള്ള കഷായം വാതരോഗങ്ങളിൽ വിശേഷമാകുന്നു.

സുഖസാധകത്തിൽ പക്ഷാഘാതചികിത്സയിൽ ബലാദികഷായം എന്ന പേരിൽ ഈ യോഗം കാണാവുന്നതാണ്.

**9. ആദാര്യാദികഷായം**

*(ചികിത്സാക്രമം- അ.17-വാതവ്യാധി)*

**ആദാരീസഹചരയോർമൂലക്വാഥം പിബേൽ പ്രഗേ**
**ഖഞ്ജഃ പംഗുശ്ച പുരുഷോ ബലാതൈലം ച ശീലയേൽ**

കൂമുള്ളിൻവേര്, കരിങ്കുറിഞ്ഞിവേര്, ഇവ സമം കഷായം. ഖഞ്ജരോഗം, പംഗുത്വം ഇവയിൽ ഹിതമാണ്. ഈ രോഗങ്ങളിൽ ബലാതൈലം അകത്തേക്കും പുറത്തേക്കും ഉപയോഗിക്കേണ്ടതാണ്.

അനുഭൂതപ്രകാരം സഹചരത്തിന്റെ സ്ഥാനത്ത് സഹചരാദികഷായയോഗം ചേർത്തു ആദാരീസഹചരാദി എന്ന പേരിലും പ്രയോഗിച്ചുവരുന്നുണ്ട്. അതായത് കൂമുള്ളിൻ വേരും കരിംകുറുഞ്ഞിവേരും മൂന്നു കഴഞ്ചു വീതം. ദേവതാരം 2 കഴഞ്ച്, ചുക്ക് 1 കഴഞ്ച് എന്നിപ്രകാരം.

**10. ആരഗ്വധാദികഷായം**

*(അ.ഹൃ.സൂ.-അ.15-ശോധനാദിഗണം 17-18)*

**ആരഗ്വധേന്ദ്രയവപാടലികാകതിക്താ-**
**നിംബാമൃതാമധുരസാസ്രുവവൃക്ഷപാഠാഃ**
**ഭൂനിംബസൈര്യകപടോലകരഞ്ജയുഗ്മ-**
**സപ്തച്ഛദാഗ്നിസുഷവീഫലബാണഘോണ്ടാഃ**
**ആരഗ്വധാദിർജയതി ഛർദ്ദികുഷ്ഠവിഷജ്വരാൻ**
**കഫം കണ്ഡൂം പ്രമേഹം ച ദുഷ്ടവ്രണവിശോധനഃ**

കൊന്നവേരിന്മേൽത്തൊലി, കുടകപ്പാലയരി, പാതിരിവേര്, കാക്കത്തൊണ്ടിവേര്, വേപ്പിൻതൊലി, ചിറ്റമൃത്, മുരിങ്ങത്തൊലി, പ്ലാശിൻതൊലി, പാടക്കിഴങ്ങ്, പുത്തരിച്ചുണ്ടവേര്, കരിങ്കുറിഞ്ഞിവേര്, പടവലം, ഉങ്ങിൻതൊലി, ആവിൽതൊലി, ഏഴിലംപാലവേരിൻമേൽ തൊലി, കൊടുവേലി, പുല്ലാനിതൊലി, മലങ്കാരയ്ക്ക, കൊഴിഞ്ഞിലിൻവേര്, കഞ്ഞിക്കൊട്ടത്തിൻതൊലി, ഇരുപത് കൂട്ടം എല്ലാം സമം കൊണ്ട് കഷായം വെച്ചു സേവിക്കുക. ഛർദ്ദി, കുഷ്ഠം, വിഷം, ജ്വരം, കഫാധിക്യം, ചൊറിച്ചിൽ, പ്രമേഹം, എന്നിവയിൽ ഹിതമാണ്. ദുഷ്ടമായ വ്രണങ്ങളെ ശുദ്ധിവരുത്തുവാനും ഇക്കഷായം നല്ലതാണ്.

**11. ആരഗ്വധാമൃതാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-വിസർപ്പവിസ്ഫോടം)*

**ആരഗ്വധാമൃതാപത്ഥ്യാഖദിരൈഃ കം പ്രസാധിതം**
**ത്വഗ്വികാരാമ്ളപിത്താർത്തൈഃ പേയം ദേവൈര്യഥാമൃതം**

കൊന്നത്തൊലി, ചിറ്റമൃത്, കടുക്കത്തോട് ,കരിങ്ങാലിക്കാതൽ ഇവകൊണ്ടുള്ള കഷായം ത്വഗ്രോഗികൾക്കും

ശീതപിത്തത്തിൽ വിശേഷിച്ചും ദേവന്മാർക്ക് അമൃതെന്നപോലെ ഹിതകരമാണ്.

**12. ഇന്ദുകാന്തം കഷായം (വി.ഒ.എസ്.)**

*(സ.യോ.-ഘൃതയോഗം)*

**പൂതീകദാരുദശമൂലകഷായസിദ്ധം**
**സക്ഷീരഷട്പലയുതം ഘൃതമിന്ദുകാന്തം**
**വാതാമയക്ഷയമഹോദരഗുല്മശൂല-**
**നിമ്നോന്നതജ്വരഹരം ബലവർദ്ധനഞ്ച**

ആവിൽത്തൊലി, ദേവതാരം, ദശമൂലം പ്രത്യേകം, ഷട്പലം പ്രത്യേകം(തിപ്പലി കാട്ടുതിപ്പലിവേര് കാട്ടുമുളകിൻവേര് കൊടുവേലിക്കിഴങ്ങ് ചുക്ക്, ഇന്തുപ്പ് (മേമ്പൊടിയായി ചേർക്കണം)) ഇവകൊണ്ടുള്ള കഷായം സേവിക്കുക. ഉയരുകയും താഴുകയും ചെയ്തുകൊണ്ടിരിക്കുന്ന ജ്വരത്തിൽ ഹിതകരമാണ്. ബലത്തെ വർദ്ധിപ്പിക്കും. കൂടാതെ വാതരോഗങ്ങൾ, ക്ഷയം, മഹോദരം, ഗുല്മം, ശൂല എന്നിവിടങ്ങളിലും ഫലപ്രദമാണ്.

**13. ഉള്ളിവെട്ടടുകാദികഷായം**

*(സ.യോ.വൃദ്ധി)*

**ഉള്ളിവെട്ടടുകുചുക്കുഴിഞ്ഞവേ-**
**രാവണക്കിനുടെ വേർ കഷായമായ്**
**ആവണക്കുരുവിനെണ്ണസൈന്ധവം**
**നീർ കുടിയ്ക്കിൽ വൃഷണം ചുരുണ്ടുപോം**

വെളുത്തുള്ളി, വെട്ടടുകിൻവേര്(കഴഞ്ചിവേര്), ചുക്ക്, ഉഴിഞ്ഞവേര്, ആവണക്കിൻവേര് ഇവയുടെ കഷായത്തിൽ ആവണക്കെണ്ണ മേമ്പൊടി ചേർത്തു കഴിക്കുക. വൃദ്ധിരോഗം ശമിക്കും.

**14. ഏലാകണാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-രാജയക്ഷ്മാ)*

**ഏലാകണാമധുകനാഗരകാബ്ദവാശാ-**
**നിംബാമൃതാംബുദശമൂലശൃതഃ കഷായഃ**
**ലാക്ഷാസിതാമധുകജീരകസമ്പ്രയുക്തോ**
**യക്ഷ്മാണമാശു വിനിഹന്തി മധുപ്രഗാഢഃ**

ഏലത്തരി, തിപ്പലി, ഇരട്ടിമധുരം, ചുക്ക്, മുത്തങ്ങ, ആടലോടകവേര്, വേപ്പിൻതൊലി, ചിറ്റമൃത്, ഇരുവേലി, ദശമൂലം പ്രത്യേകം ഇവ കഷായം വെച്ച് കോലരക്ക്, പഞ്ചസാര, ഇരട്ടിമധുരം, ജീരകം എന്നിവ പൊടിച്ചതും തേനും മേമ്പൊടി ചേർത്ത് സേവിക്കുക. രാജയക്ഷ്മാവിൽ വിഹിതമാണ്.

സുഖസാധകത്തിൽ മാംസം ഭക്ഷിക്കാത്തവർക്ക് രാജയക്ഷ്മാവിൽ ഏലാദികഷായം കൊടുക്കുവാൻ വിധിച്ചുകാണുന്നു.

**15. കടുകാമലകാദി കഷായം**

*(സ.യോ.-മലശോധന)*

**കടുകാമലകഗുളൂചീശുണ്ഠീശമ്യാകപല്ലവൈഃ സശിവൈഃ**
**സിദ്ധം തോയം സഗുളം പീതം മലശോധനം കുരുതേ**

കടുകുരോഹിണി, നെല്ലിക്കത്തോട്, ചിറ്റമൃത്, ചുക്ക്, കൊന്നത്തളിര്, കടുക്കത്തോട് ഇവ കഷായം വെച്ചു ശർക്കര മേമ്പൊടി ചേർത്തു സേവിച്ചാൽ വിരേചനമുണ്ടാകും.

**16. കണാശതാഹ്വാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-ഗുല്മം)*

**കണാശതാഹ്വാദ്വികരഞ്ജദാരു-**
**ഭാർങ്ഗീകുലത്ഥൈഃ സതിലൈഃ വിപക്വം**
**തഥാ രസോനേന ച സിദ്ധമംഭഃ**
**സഹിംഗുകല്കം ഹിതമസ്രഗുല്മേ**

തിപ്പലി, ചതകുപ്പ, ഉങ്ങിൻതൊലിയും ആവിൽത്തൊലിയും, ദേവതാരം ചെറുതേക്കിൻവേര് പഴമുതിര എള്ള് വെളുത്തുള്ളി ഇവയുടെ കഷായം കായം മേമ്പൊടി ചേർത്ത് സേവിക്കുക. രക്തഗുല്മം ശമിക്കും.

**17. കതകഖദിരാദികഷായം**

വൈദ്യരത്നം ഔഷധശാല

*(സ.യോ.പ്രമേഹം)*

**കതകഖദിരധാത്രീവൈരിദാർവ്വീസമംഗാ-**
**വിദുലരജനിപാഠാചൂതബീജാഭയാബ്ദൈഃ**
**പ്രസവരസസനാഥം തോയമേഭിഃ പ്രസിദ്ധം**
**ഹരതിസകലമേഹാൻ സപ്തരാത്രപ്രയോഗാൽ**

തേറ്റാമ്പരൽ, കരിങ്ങാലിക്കാതൽ, നെല്ലിക്കാത്തൊണ്ട്, ഏകനായകവേര്, മരമഞ്ഞൾത്തൊലി, പടർച്ചുണ്ടവേര്, കല്ലൂർവഞ്ചിവേര്, വരട്ടുമഞ്ഞൾ, പാടക്കിഴങ്ങ്, മാങ്ങയണ്ടിപ്പരിപ്പ്, കടുക്കാത്തൊണ്ട്, മുത്തങ്ങ എന്നിവയെല്ലാം കഷായം വെച്ചു തേൻ മേമ്പൊടി ചേർത്ത് സേവിക്കുക. ഏഴുദിവസംകൊണ്ടുതന്നെ പ്രമേഹത്തിന് ശമനം വരുത്തും.

**18. കാളശാകാദി കഷായം (വി.ഒ.എസ്.)**

*(ചി.മഞ്ജരി-വിഷൂചിക)*

**കാളശാകവിജയാമഹൗഷധൈഃ**
**സാധിതം രസയുഗാക്ഷിഭാഗശഃ**
**വാരി വാരയതി ശൂലതൃഡ്ഭ്രമാൻ**
**വേഗിനീമപി വിഷൂചികാം ക്ഷണാത്**

കറിവേപ്പിലഞെട്ടി ആറുഭാഗം(രസങ്ങളാറ്), കടുക്കത്തോട് നാലുഭാഗം (യുഗങ്ങൾ നാല്), ചുക്ക് രണ്ടുഭാഗം (കണ്ണുകൾ രണ്ട്) എന്നിങ്ങിനെ ഉണ്ടാക്കിയ കഷായം വയറുവേദന, വെള്ളം ദാഹം, തലച്ചുറ്റ് എന്നിവയെ ഇല്ലാതാക്കും. ശക്തമായ വിഷൂചികയേയും ക്ഷണത്തിൽ തടുക്കം.

**19. കോകിലാക്ഷം കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.സ്ഥാ.-അ.22-വാതശോണിതചികിത്സ, 18)*

**കോകിലാക്ഷകനിര്യൂഹഃ പീതസ്തച്ഛാകഭോജിനാ**
**കൃപാഭ്യാസ ഇവ ക്രോധം വാതരക്തം നിയച്ഛതി**

വയൽച്ചുള്ളി സമൂലം കഷായം വെച്ചു കുടിക്കുകയും അതിന്റെ ഇല കറിവെച്ചു കൂട്ടുകയും ചെയ്യുന്നത് ക്ഷമയുടെ വിടാതെയുള്ള അഭ്യാസം ക്രോധത്തെ എപ്രകാരം ഇല്ലാതാക്കുമോ അപ്രകാരം വാതരക്തത്തെ ഇല്ലാതാക്കും.

**19. കൈഡര്യാദികഷായം**

*(ചി.മ-അ.8-ഉദരചികിത്സ)*

**ചുക്കൊന്നു മൂന്നു കറിവേപ്പു പടോലപത്ഥ്യേ**
**നന്നാലുകൊൾക ജാരേഷു കഷായയോഗെ**
**ഇന്തുപ്പുതിപ്പലികൾ മേപ്പടികൊൾക പക്ഷേ**
**രാവെങ്കിലുണ്ണുവതിനമ്പൊടു മുമ്പിൽ വേണ്ടു**

ചുക്ക് ഒരു ഭാഗം. കറിവേപ്പിലഞെട്ടി മൂന്നുഭാഗം. പടവലം കടുക്കത്തൊണ്ട് ഇവ നാലുഭാഗം വീതം. ഇങ്ങിനെ കഷായം വെച്ചു സേവിക്കുക. ഇന്തുപ്പും തിപ്പലിയും മേമ്പൊടി. മഹോദരം ശമിക്കും. ഉദരസംബന്ധമായ ആധ്മാനാദിരോഗങ്ങൾക്കും നന്ന്. വേപ്പിലഞെട്ടിനു പകരം കറിവേപ്പില തണ്ടോടുകൂടി ചേർക്കയും പതിവുണ്ട്.

**20. ഗന്ധർവഹസ്താദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-വാതം)*

**ഗന്ധർവഹസ്തചിരിവില്വഹുതാശവിശ്വ-**
**പത്ഥ്യാപുനർനവയവാഷകഭൂമിതാലൈഃ**
**ക്വാഥഃ സസൈന്ധവഗുളം പവനസ്യശാന്ത്യൈ-**
**ർവഹ്നേർബലായ രുചയേ മലശോധനായ**

ആവണക്കിൻവേര്, ആവിൽത്തൊലി, കൊടുവേലിക്കിഴങ്ങ്, ചുക്ക്, കടുക്കത്തോട്, തവിഴാമവേര്, കൊടിത്തൂവവേര്, നിലപ്പനക്കിഴങ്ങ് എന്നിവയുടെ കഷായം ഇന്തുപ്പും ശർക്കരയും മേമ്പൊടിചേർത്ത് സേവിക്കുന്നത് മലശോധനയെ ഉണ്ടാക്കും. ദഹനശക്തിയെ വർദ്ധിപ്പുക്കും. രുചിയേയും ഉണ്ടാക്കും.

**21. ഗ്രഹണ്യന്തകം കഷായം**

*(സ.യോ.ഗ്രഹണി)*

**പഥ്യാവ്യോഷപുനർന്നവാംബുദനിശാപൂതികയുഗ്മാജ്ഝടാ-**
**പാഠാവില്വഘുണപ്രിയാരളുകണാമൂലോഗ്രഗന്ധാഗ്നിഭിഃ**
**ചവ്യാദീപ്യകബാണപുംഖസഹിതൈരേതൈഃ പ്രസിദ്ധം ജലം**
**പേയം തൽ ബഹുദോഷജഗ്രഹണിഭിർദ്ദേവൈർ യഥാ ചാമൃതം**

കടുക്ക, ചുക്ക്, മുളക്, തിപ്പലി, തവിഴാമവേര്, മുത്തങ്ങ, വരട്ടുമഞ്ഞൾ, ഉങ്ങിൻതൊലി, ആവിൽതൊലി, കീഴാർനെല്ലിവേര്, പാടക്കിഴങ്ങ്, കൂവളവേര്, അതിവിടയം, പെരുമരത്തിൻതൊലി ,കാട്ടുതിപ്പലിവേര്, വയമ്പ കൊടുവേലി, കാട്ടുമുളകിൻവേര്, അയമോദകം, കൊഴിഞ്ഞിൽവേര് എന്നിവയാൽ തയ്യാറാക്കുന്ന കഷായം ത്രിദോഷങ്ങളും കോപിച്ച ഗ്രഹണീരോഗത്തിൽ സേവിക്കേണ്ടതാണ്. ദേവന്മാർക്ക് അമൃതെന്ന പോലെ ഗ്രഹണീരോഗികൾക്ക് ഇക്കഷായം പ്രസിദ്ധമാകുന്നു.

**22. ഗായത്ര്യാദികഷായം**

(അ.ഹൃ.-ചി.സ്ഥാ.-അ.12പ്രമേഹ ചി.7.)

**ലോധ്രാഭയാതോയദകട്ഫലാനാം**
**പാഠാവിഡംഗാർജുനധാന്യകാനാം**
**ഗായത്രിദാർവ്വീകൃമിഹൃദ്വചാനാം**
**കഫേ ത്രയഃ ക്ഷൗദ്രയുതാഃ കഷായാഃ**

ഗായത്രിദാർവ്വീകൃമിഹൃദ്വചാനാം-കരിങ്ങാലിക്കാതൽ, മരമഞ്ഞൾത്തൊലി, വിഴാലരി, വയമ്പ് എന്നിവകൊണ്ടുള്ള കഷായം കഫപ്രമേഹത്തിൽ ഹിതമാണ്.

**23. ഗുല്ഗുലുതിക്തകം കഷായം (വി.ഒ.എസ്.)**

(അ.ഹൃ.-ചി.സ്ഥാ.-അ.21-വാതവ്യാധിചികിത്സാ-57-60)

**നിംബാമൃതാവൃഷപടോലനിദിഗ്ധികാനാം**
**ഭാഗാൻ പൃഥഗ്ദശപലാൻ വിപചേദ്ഘടേ/പാം**
**അഷ്ടാംഗശേഷിതരസേന പുനശ്ച തേന**
**പ്രസ്ഥം ഘൃതസ്യ വിപചേത് പിചുഭാഗകല്കൈഃ**
**പാഠാവിഡംഗസുരദാരുഗജോപകുല്യാ-**
**ദ്വിക്ഷാരനാഗരനിശാമിശിചവ്യകുഷ്ഠൈഃ**
**തേജോവതീമരിചവത്സകദീപ്യകാഗ്നി-**
**രോഹിണ്യരുഷ്കരവചാകണമൂലയുക്തൈഃ**
**മഞ്ജിഷ്ഠയാ/തിവിഷയാ വിഷയാ യവാന്യാ**
**സംശുദ്ധഗുഗ്ഗുലുപലൈരപി പഞ്ചസംഖ്യൈഃ**
**തത്സേവിതം പ്രഥമതി പ്രബലം സമീരം**
**സന്ധ്യസ്ഥിമജ്ജഗതമപ്യഥ കുഷ്ഠമീദൃക്**
**നാഡീവ്രണാർബുദഭഗന്ദരഗണ്ഡമാലാ-**
**ജത്രൂർദ്ധ്വസർവഗദഗുല്മഗുദോത്ഥമേഹാൻ**
**യക്ഷ്മാരുചിശ്വസനപീനസകാസശോഫ-**
**ഹൃത്പാണ്ഡുരോഗമദവിദ്രധിവാതരക്തം**

വൈദ്യരത്നം ഔഷധശാല

വേപ്പിൻതൊലി, ചിറ്റമൃത്, ആടലോടകവേര്, പടവലത്തണ്ട്, ചെറുവഴുതിനവേര്, വിഴാലരി, പാടക്കിഴങ്ങ്, ദേവതാരം, അത്തിത്തിപ്പലി, ചുക്ക്, വരട്ടുമഞ്ഞൾ, ചതകുപ്പ, കാട്ടുമുളകിൻവേര്, കൊട്ടം, ചെറുപ്പുന്നയരി, കുരുമുളക്, അയമോദകം, കുടകപ്പാലയരി, കൊടുവേലി, കടുകുരോഹിണി, ചേരിൻകുരു(ശുദ്ധിചെയ്തത്), വയമ്പ്, കാട്ടുതിപ്പലിവേര്, ചുവന്നരത്ത, അതിവിടയം, വിടയം, ജീരകം, ശുദ്ധഗുഗ്ഗുലു ഇവ കഷായം സേവിക്കുക. ചവല്ക്കാരവും തുവർച്ചിലക്കാരവും മേമ്പൊടി. മഞ്ജിഷ്ഠയാ/തിവിഷയാ വിഷയാ യവാന്യാ-എന്നിടത്ത് ...../തിവിഷയാ ത്രിവൃതാ യവാന്യാ എന്നൊരു പാഠഭേദം കേരളത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. ത്രിഫലാ യവാന്യാ- എന്നും മറ്റൊരു പാഠഭേദവുമുണ്ട്.

ഈ ഔഷധയോഗം സന്ധികളിലും അസ്ഥികളിലും ആശ്രയിച്ചുണ്ടാകുന്നതും ശക്തിയേറിയതുമായ വാതരോഗങ്ങളെ ശമിപ്പിക്കും. കൂടാതെ കുഷ്ഠം, നാളീവ്രണം, അർബുദം, ഭഗന്ദരം, ഗണ്ഡമാല എന്നിവയേയും ഇല്ലാതാക്കും. കഴുത്തിനു മീതെ ആശ്രയിച്ചുണ്ടാവുന്ന എല്ലാ രോഗങ്ങളിലും ഗുൽഗുലുതിക്തകയോഗം ഫലപ്രദമാണ്. ഗുല്മം, അർശസ്സ്, പ്രമേഹം, രാജയക്ഷ്മാവ്, അരുചി, ശ്വാസം, പീനസം, കാസം, നീര്, ഹൃദ്രോഗം പാണ്ഡുരോഗം, മദം, വിദ്രധി, വാതരക്തം എന്നിവയ്ക്കും ഇത് ഫലപ്രദമത്രെ.

ഘൃതതൈലയോഗങ്ങളെ കഷായമാക്കുമ്പോൾ പ്രത്യേകിച്ച് കണക്കിന് നിബന്ധനകളൊന്നും എവിടെയും

പറഞ്ഞുകാണുന്നില്ല. വൈദ്യന്മാർ സ്വയുക്തിപ്രകാരം കണക്കുകൾ തയ്യാറാക്കുകയാണ് പതിവ്.

കഷായദ്രവ്യങ്ങളെല്ലാം കൂടി പകുതി, കല്ക്കദ്രവ്യങ്ങൾ എല്ലാം കൂടി മറ്റേ പകുതി, ഗുല്ഗുലു മേമ്പൊടി എന്നിങ്ങിനെ എളുപ്പത്തിൽ കണക്ക് കല്പിക്കാവുന്നതാണ്.

**24. ഗുളൂച്യാദി കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-സൂ.സ്ഥാ.-അ.15-ശോധനാദിഗണം-16)*

**ഗുഡൂചീപദ്മകാരിഷ്ടധാനകാരക്തചന്ദനം**
**പിത്തശ്ലേഷ്മജ്വരച്ഛർദിദാഹതൃഷ്ണാഘ്നമഗ്നികൃത്**

ചിറ്റമൃത്, പതിമുകം, വേപ്പിൻതൊലി, കൊത്തമല്ലി, രക്തചന്ദനം ഇവ പിത്തശ്ളേഷ്മജ്വരം, ഛർദ്ദി, ചുട്ടുനീറ്റം, വെള്ളംദാഹം എന്നിവയെ ശമിപ്പിക്കും. ദഹനശക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യും.

**25. ചന്ദനപർപ്പടകാദി കഷായം**

*(സ.യോ.-വിസർപ്പവിസ്ഫോടം)*

**ചന്ദനപർപടകാമൃതവല്ലീ-**
**സേവ്യജലാംബുദധാന്യകസിദ്ധം**
**പുഷ്കരമുഗ്രവിദാഹവിമിശ്രം**
**സ്ഫോടമശേഷമപോഹതി സദ്യഃ**

ചന്ദനം, പർപ്പടകപ്പുല്ല്, ചിറ്റമത്, രാമച്ചം, ഇരുവേലി, മുത്തങ്ങ, കൊത്തമ്പാലരി ഇവയാൽ സിദ്ധമായ കഷായം ശക്തിയായ ഉൾപ്പുഴുക്കത്തോടുകൂടിയ വിസ്ഫോടത്തെ ശമിപ്പിക്കും.

(പുഷ്കരം=ജലം). ലഘുമസൂരി, അഞ്ചാംപനി എന്നിങ്ങിനെയുള്ളതിലെല്ലാം വിശേഷം. വേനൽക്കാലത്തെ ചൂടുപൊങ്ങലിനും ഫലവത്തവാണ്.

**26. ചന്ദനാദികഷായം**

*(ഭൈ രത്നാ.മസ്തിഷ്കചയാപചയ ചികിത്സ)*

**ചന്ദനദ്വിതയം മൂർവ്വാ ദ്വേ ശ്യാമേ ദ്വേ നിശേ ശുഭാ**
**ലാക്ഷാ വരീ ഗൈരികം ച ജീവന്തീ മധുകം തഥാ**
**വാജിഗന്ധാ വചാ കൃഷ്ണാ കാകോളീ ജീവകർഷഭൗ**
**ക്വാഥമേഷാം പിബേൽ പ്രാതർമസ്തിഷ്കഹ്രാസശാന്തയെ**

ചന്ദനം, രക്തചന്ദനം, പെരുങ്കുരുമ്പവേര്, വെളുത്ത നറുനീണ്ടി, കറുത്ത നറുനീണ്ടി, വരട്ടുമഞ്ഞൾ, മരമഞ്ഞൾതൊലി, അരക്ക്, ശതാവരി, കാവിമണ്ണ്, അടപതിയൻ, എരട്ടിമധുരം, അമുക്കുരം, വയമ്പ്, തിപ്പലി, കാകോളി, ജീവകം, ഇടവകം ഇവകൊണ്ടുള്ള കഷായം തലച്ചോറ് ക്ഷയിക്കുന്നിടത്ത് വിശേഷമാണ്.

**27. ചന്ദനോശീരാദികഷായം**

*(അ.ഹൃ.-ചി.സ്ഥാ.-അ.2-രക്തപിത്തചികിത്സ 30)*

**ചന്ദനോശീരജലദലാജമുദ്ഗകണായവൈഃ**
**ബലാജലെ പര്യുഷിതൈഃ കഷായോ രക്തപിത്തഹാ**

ചന്ദനം, രാമച്ചം, മുത്തങ്ങ, മലർ, ചെറുപയറ്, തിപ്പലി, യവം എന്നിവയും കുറുന്തോട്ടിയും ചേർത്തുണ്ടാക്കുന്ന കഷായം രക്തപിത്തത്തെ ഇല്ലാതാക്കുന്നു.

**28. ചിത്രകാദികഷായം**

(സുശ്രുതം)

**ചിത്രകേന്ദ്രയവാപാഠാകടുകാതിവിഷാഭയാ**
**വാതവ്യാധിപ്രശമനോ യോഗഃ ഷഡ്ധരണഃ സ്മൃതഃ**

കൊടുവേലി, കുടകപ്പാലയരി, പാടക്കിഴങ്ങ്, കടുകുരോഹിണി, അതിവിടയം, കടുക്കത്തൊണ്ട്.

ഇത് കഷായയോഗമല്ല

**29. ചിത്രകഗ്രന്ഥികാദി കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.സ്ഥാ.-അ.1-ഗുല്മചികിത്സിതം,48)*

**ചിത്രകഗ്രന്ഥികൈരണ്ഡശുണ്ഠീക്വാഥഃ പരം ഹിതഃ**

**ശൂലാനാഹവിബന്ധേഷു സഹിംഗുവിഡസൈന്ധവൈഃ**

കൊടുവേലിക്കിഴങ്ങ്, കാട്ടുതിപ്പലിവേര്, വെളുത്താവണക്കിൻവേര്, ചുക്ക് ഇക്കഷായം വയറുവേദന, വയറുവീർപ്പ്, മലബന്ധം എന്നിവയിൽ വളരെ പ്രയോജനപ്രദമാണ്. കായവും വിളയുപ്പും ഇന്തുപ്പും മേപ്പൊടിയായി ചേർക്കണം.

ഇക്കഷായം ആർത്തവശൂലയ്ക്കും നന്ന്.

**30. ചിരിവില്വാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-അർശസ്സ്)*

**ചിരിവില്വപുനർന്നവവഹ്ന്യഭയാ-**
**കണനാഗരസൈന്ധവപക്വജലം**
**ഗുദകീലഭഗന്ദരഗുല്മഹരം**
**ജഠരാഗ്നിവിവർധനമാശു നൃണാം**

ആവിൽത്തൊലി, തഴുതാമവേര്, കൊടുവേലിക്കിഴങ്ങ്, കടുക്കത്തോട്, തിപ്പലി, ചുക്ക് ഇവ കഷായം വച്ച് ഇന്തുപ്പു മേമ്പൊടിയായി കുടിക്കുക. അർശസ്സ്, ഭഗന്ദരം ഗുന്മം ഇവയ്ക്ക് ശമനമുണ്ടാകും. ദഹനശക്തി നന്നായി വർദ്ധിക്കും.

കണനാഗരദീപ്യയവാഷജലം- എന്നൊരു പാഠവും വൃദ്ധവൈദ്യന്മാരുടെ ഇടയിലുണ്ട്.

**31. ജീവനീയഗണം കഷായം**

*(അ.ഹൃ.സൂ.സ്ഥാ.-അ.15-ശോധനാദിഗണം 8)*

**ജീവന്തീ കാകോല്യൗ മേദേ ദ്വേ മുൽഗ്ഗമാഷപർണ്യൗ ച**
**ഋഷഭകജീവകമധുകം ചേതി ഗണോ ജീവനീയാഖ്യഃ**

അടപതിയൻ, കാകോളി, ക്ഷീരകാകോളി, ശതാവരി, മേദ, മഹാമേദ, അശ്വഗന്ധം, കാട്ടുഴുന്നിൻവേര്, കാട്ടുപയറ്റിൻവേര്, ഇടവകം, ജീവകം, എരട്ടിമധുരം എന്നിവ കൂടിയതാണ് ജീവനീയഗണം.

ചരകം സൂ.സ്ഥാനം നാലാം അദ്ധ്യായത്തിലും ഈ ഗണമുണ്ട്

മേദാജീവകകാകോളീഋദ്ധിദ്വന്ദ്വേഽപി ചാസതി

വരീവിദാര്യശ്വഗന്ധാവാരഹീം ച ക്രമാൽക്ഷിപേൽ (യോഗരത്നാകരം-അഭാവവർഗം)

ഇതനുസരിച്ച്

മേദമഹാമേദകൾക്ക്-ശതാവരിയും, ജീവകംഇടവകങ്ങൾക്ക്- വിദാരിയും, കാകോളിക്ഷീരകാകോളികൾക്ക്- അശ്വഗന്ധവും ചേർക്കുക. ഋദ്ധിവൃദ്ധികൾക്കാകട്ടെ നിലപ്പനയാണ് ചേർക്കുന്നത്.

**32. ജീവന്ത്യാദികഷായം**

*(സ.യോ.മസൂരി)*

**ജീവന്തീ ഹിരുബേലികാ ത്രിഫലികാ വാശാമൃതാ ശാരിബാ**
**ശുണ്ഠീയഷ്ടിപയോദചന്ദനപടോലോശീരനിംബൈഃ ശൃതഃ**
**നിഷ്ക്വാഥേഽഷ്ടമശേഷിതേ മധുഗുളപ്രക്ഷേപണാൽ സംസ്കൃതഃ**
**പീതശ്ചേൽ ജ്വരിതേന തസ്യ പിടകോല്പത്തേഃ പ്രസംഗഃ കുതഃ**

അടപതിയൻകിഴങ്ങ്, ഇരുവേലി, കടുക്ക, നെല്ലിക്ക, താന്നിയ്ക്ക, ആടലോടകവേര്, ചിറ്റമൃത്, നറുനീണ്ടി, ചുക്ക്, എരട്ടിമധുരം, മുത്തങ്ങക്കിഴങ്ങ്, ചന്ദനം, പടവലം, രാമച്ചം, വേപ്പിൻതൊലി ഇവ കഷായം. തേനും ശർക്കരയും മേമ്പൊടി. പനിയുടെ ആരംഭത്തിൽത്തന്നെ ഈ കഷായം സേവിച്ചാൽ പുളകം ഉണ്ടാവുകയില്ല തന്നെ.

**33. തിക്തകം കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.സ്ഥാ.-അ.19-കുഷ്ഠചികിത്സാ-2-7)*

**പടോലനിംബകടുകാദാർവീപാഠാദുരാലഭാഃ**
**പർപ്പടം ത്രായമാണാം ച പലാംശം പാചയേദപാം**
**ദ്വ്യാഢകേഽഷ്ടാംശശേഷേണ തേന കർഷോന്മിതൈസ്തഥാ**
**ത്രായന്തീമുസ്തഭൂനിംബകലിംഗകണചന്ദനൈഃ**
**സർപ്പിഷോ ദ്വാദശപലം പചേത്തത്തിക്തകം ജയേത്**
**പിത്തകുഷ്ഠപരീസർപ്പപിടികാദാഹതൃഡ്ഭ്രമാൻ**

**കണ്ഡൂപാണ്ഡ്വാമയാൻ ഗണ്ഡാൻ ദുഷ്ടനാഡീവ്രണാപചീഃ**
**വിസ്ഫോടവിദ്രധീഗുല്മശോഫോന്മാദമദാനപി**
**ഹൃദ്രോഗതിമിരവ്യംഗഗ്രഹണീശ്വിത്രകാമലാഃ**
**ഭഗന്ദരമപസ്മാരമുദരം പ്രദരം ഗരം**
**അർശോ/സ്രപിത്തമന്യാംശ്ച സുകൃച്ഛ്രാൻ പിത്തജാൻ ഗദാൻ**

തിക്തകഘൃതയോഗത്തിലെ പടവലത്തണ്ട്, വേപ്പിൻതൊലി, കടുരോഹിണി, മരമഞ്ഞൾത്തൊലി, പാടക്കിഴങ്ങ്, കൊടിത്തൂവവേര്, പർപ്പടകപ്പുല്ല്, ബ്രഹ്മി, (കല്ക്കതിലും-ത്രായന്തി- വരുന്നതിനാൽ ഇരട്ടി), മുത്തങ്ങാക്കിഴങ്ങ്, പുത്തരിച്ചുണ്ടവേര്, കുടകപ്പാലയരി, തിപ്പലി, ചന്ദനം ഇവ സമം കഷായം വെച്ചു സേവിക്കുക. പൈത്തികമായ കുഷ്ഠരോഗങ്ങളും വിസർപ്പവും കുരുക്കളും ശമിക്കും. ശരീരസന്താപം, വെള്ളം ദാഹം, തലച്ചുറ്റ്, ചൊറിച്ചിൽ, പാണ്ഡുരോഗം, ഗണ്ഡമാല, ദുഷ്ടമായ നാഡീവ്രണം, അപചി, വിസ്ഫോടം, വിദ്രധി, ഗുല്മം, ശോഫം, ഉന്മാദം, മദാത്യയം, ഹൃദ്രോഗം, തിമിരം, വ്യംഗം, ഗ്രഹണി, പാണ്ട്, മഞ്ഞപ്പിത്തം, ഭഗന്ദരം, അപസ്മാരം, മഹോദരം, സ്ത്രീകളിലെ രക്തസ്രാവം, വിഷദോഷങ്ങൾ, അർശസ്സ്, രക്തപിത്തം എന്നിവ ശമിക്കും. ശമിക്കുവാൻ പ്രയാസമായ പൈത്തികമായ രോഗങ്ങളിലെല്ലാം തന്നെ ഈ കഷായം നല്കാവുന്നതാണ്.

കഷായം വെയ്ക്കുമ്പോൾ മരുന്നുകളെല്ലാം തന്നെ സമമായാണ് എടുത്തുവരാറ്.

കുഷ്ഠവിസർപ്പാദികളിൽ തെച്ചിപ്പൂ കഷായം കൂടി ചേർത്ത് നെയ്യുകാച്ചുവാൻ ചികിത്സാമഞ്ജരിയിൽ വിധിച്ചു കാണുന്നു. അതിനാൽ കഷായത്തിലും അപ്രകാരം ചേർക്കുവാൻ വിരോധമില്ലെന്നു വേണം കരുതുവാൻ.

### 34. തിലക്വാഥം (വി.ഒ.എസ്.)

*(അ.ഹൃ.-ചി.സ്ഥാ.-അ.14-ഗുല്മചികിത്സാ-120)*

**തിലക്വാഥോ ഘൃതഗുഡവ്യോഷഭാർങ്ഗീരജോ/ന്വിതഃ**
**പാനം രക്തഭവേ ഗുല്മേ നഷ്ടേ പുഷ്പേ ച യോഷിതഃ**
**ഭാർങ്ഗീകൃഷ്ണാകരഞ്ജത്വഗ്ഗ്രന്ഥികാമരദാരുജം**
**ചൂർണം തിലാനാം ക്വാഥേന പീതം ഗുല്മരുജാപഹം**

എള്ള് കഷായം വെച്ചതിൽ നെയ്യ്, ത്രികടു, ചെറുതേക്കിൻവേര് ഇവ പൊടിച്ചതും ചേർത്ത് സേവിക്കുക. രക്തഗുന്മം ശമിക്കും. സ്ത്രീകൾക്ക് മാസക്കുളി തെറ്റുന്നതും ശരിയാകും.

ചെറുതേക്കിൻവേര്, തിപ്പലി, ഉങ്ങിൻതൊലി, കാട്ടുതിപ്പലിവേര്, ദേവതാരം ഇവയുടെ പൊടി ചേർത്ത് എള്ളുകഷായം സേവിക്കുന്നത് ഗുല്മവേദനയെ ഇല്ലാതാക്കും.

### 35. ത്രായന്ത്യാദികഷായം

*(അ.ഹൃ.ചി.സ്ഥാ അ.13-വൃദ്ധിവിദ്രധിചി.11-13)*

**ത്രായന്തീത്രിഫലാനിംബകടുകാമധുകം സമം**
**തൃവൃൽപടോലമൂലാഭ്യാം ചത്വാരോ/ംശാഃ പൃഥക് പൃഥക്**
**മസൂരാന്നിസ്തുഷാദഷ്ടൗ തൽക്വാഥഃ സഘൃതോ ജയേൽ**
**വിദ്രധീഗുല്മവീസർപ്പദാഹമോഹമദജ്വരാൻ**
**തൃൺമൂർച്ഛാഛർദ്ദിഹൃദ്രോഗപിത്താസൃക്കുഷ്ഠകാമലാഃ**

ബ്രഹ്മി, ത്രിഫല, വേപ്പിൻതൊലി, കടുകുരോഹിണി, എരട്ടിമധുരം ഇവ ഏഴും അരക്കഴഞ്ചു വീതം. ത്രികോല്പക്കൊന്നയും പടവലവും ഈരണ്ടു കഴഞ്ചുവീതം. ചണംപയറ് നാലു കഴഞ്ച്. ഇങ്ങിനെ കഷായം വെച്ചു സേവിക്കുക. യുക്തമായ നെയ്യ് മേമ്പൊടിയായി ചേർക്കണം. വിദ്രധി, ഗുല്മം, വിസർപ്പം, അഴൽച്ച മോഹം, മദം, പനി, വെള്ളം ദാഹം, മോഹാലസ്യം, ഛർദ്ദി, ഹൃദ്രോഗം, രക്തപിത്തം, കുഷ്ഠം, കാമില ഇവ ശമിക്കും.

ഇതിലെ മരുന്നുകളുടെ കണക്കിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. മേൽപറഞ്ഞ കണക്കുപ്രകാരം അരക്കഴഞ്ചു മരുന്നിന്റെ കുറവേ ഒരു കഷായത്തിന്റെ കണക്കിൽ (12 കഴഞ്ച്) വരുന്നുള്ളു. അത് ഒരു കുറവായി കണക്കാക്കേണ്ടതില്ല. അതല്ലെങ്കിൽ രോഗിയുടെ അവസ്ഥക്ക് യുക്തമായ ഒരു മരുന്ന് യഥായോഗ്യം അരക്കഴഞ്ച് കൂടുതൽ ചേർക്കാവുന്നതാണ്. പ്രത്യേകം കണക്കു പറഞ്ഞിടത്ത് അപ്രകാരം സ്വീകരിക്കേണ്ടതാണ്. ഋഷിപ്രോക്താത് സാധു എന്നും സമാധാനിക്കാം.

### 36. ത്രിജാതകാദികഷായം

*(സ.യോ.സ്വരസാദം)*

**ത്രിജാതത്രികടുവ്യാഘ്രീഭാർങ്ഗീക്വാഥോ മധുൽക്കടഃ**
**കഫജാരുചിഹൃല്ലാസപ്രസേകസ്വരസാദനുത്**

ഏലം, ഇലവർങ്ഗം, പച്ചില, ചുക്ക്, മുളക്, തിപ്പലി, ചെറുവഴുതിനവേര്, ചെറുതേക്കിൻവേര്, എന്നിവ കഷായം. തേൻ മേമ്പൊടി. കഫജങ്ങളായ അരുചി, നെഞ്ചുരുക്കം, വായിൽ നിന്നും വെള്ളം വരൽ, ഒച്ചയടപ്പ് ഇവ ഇല്ലാതെയാകും.

**37. തൃണപഞ്ചമൂലകാദികഷായം (വി.ഒ.എസ്.)**

*(സഹസ്രയോഗം-ആറ്റൂർ)*

**തൃണാഖ്യപഞ്ചമൂലം നേർ പാതി മൂവില ഭദ്രയും**
**ഇക്കഷായം സിതായുക്തം മൂത്രാതീസാരനാശനം**

(കുശകാശശരോദർഭ ഇക്ഷുശ്ചേതി തൃണോത്ഭവം)

തൃണപഞ്ചമൂലം എല്ലാം കൂടി ആറു കഴഞ്ച്. മൂവിലവേരും ചെറൂളവേരും മൂന്നു കഴഞ്ചു വീതവും. മൂത്രത്തിന്റെ അതിപ്രവൃത്തിയെ ഇല്ലാതാക്കും.

**38. ദശമൂലം കഷായം (വി.ഒ.എസ്.)**

*(സ.യോ.-ശ്വാസകാസം)*

**പാർശ്വശൂലേ ജ്വരേ ശ്വാസേ കാസേ ശ്ളേഷ്മസമുദ്ഭവേ**
**പിപ്പലീചൂർണസംയുക്തം ദശമൂലീജലം പിബേത്**

വാരിപ്പുറങ്ങളിലെ വേദന, കഫദോഷജന്യമായ പനി, ശ്വാസംമുട്ട്, ചുമഎന്നിവകളിലെല്ലാം തിപ്പലി മേമ്പൊടിചേർത്ത ദശമൂലം കഷായം സേവിക്കുന്നത് നന്ന്.

**39. ദശമൂലകടുത്രയം കഷായം (വി.ഒ.എസ്.)**

*(സ.യോ.-ശ്വാസകാസം)*

**ദശമൂലകടുത്രയൈഃ കഷായഃ**
**സവൃഷൈരേഷ സമാക്ഷികഃ പ്രപീതഃ**
**ശ്വാസാനിലകാസപാർശ്വപൃഷ്ഠ-**
**ത്രികമൂർധാംസരുജാസു സംപ്രദിഷ്ടഃ**

ദശമൂലം പ്രത്യേകം, ചുക്ക്, മുളക്, തിപ്പലി, ആടലോടകത്തിൻ വേര് ഇവ കഷായം, തേനും ചേർത്ത് സേവിക്കുക. ശ്വാസം, വായുവൈഷമ്യം, ചുമ ഇവ ശമിക്കും. വാരിപ്പുറങ്ങളിലും മുതുകിലും അരക്കെട്ടിലും ഉണ്ടാകുന്ന വേദനകളും ശമിക്കും. ശിരോവേദനയ്ക്കും തോൾപ്രദേശങ്ങളിലെ വേദനയ്ക്കും ഇതു ഗുണപ്രദമാണ്.

സഹസ്രയോഗത്തിൽ ശ്വാസകാസചികിത്സയിൽ പറഞ്ഞിരിക്കുന്ന ഈ യോഗം വൈദ്യമാലികയിൽ വാതചികിത്സയിൽ ദശമൂലം കഷായം എന്ന പേരിൽ പറയപ്പെടുന്നുവെന്നത് ശ്രദ്ധേയമാണ്.

ദശമൂലം കഷായം (ദശമൂലകടുത്രയം കഷായം)

**കുമിഴും കുമ്പിളിൻവേരും പാതിരീമൂലവും തഥാ**
**പയ്യാന്തഴയുടെ വേരും മുഞ്ഞയും പിന്നെയോരിലാ** 1
**മൂവില വ്യാഘ്രിയും കണ്ടകാരി ഞെരിഞ്ഞിലെന്നിവ**
**ദശമൂലമതും പിന്നെ ആടലോടകവേരപി** 2
**ത്രികടു കൂട്ടി വെച്ചുള്ള കഷായം വാതനാശനം**
**വിലക്കം വീർപ്പുമുട്ടും പോം തേനും മേൻപൊടികൊള്ളുക** 3

**40. ദശമൂലപഞ്ചകോലാദികഷയം**

*(സ.യോ.ഉദരം)*

**ദശമൂലപഞ്ചകോലത്രിഫലാദന്തീതൃവൃൽസിദ്ധം**
**തോയമശേഷം ക്ഷപയേദ് ജഠരാണ്യപി ജാതപാഥാംസി**

ദശമൂലംപത്ത് പഞ്ചകോലംഅഞ്ച് ത്രിഫലമൂന്ന് നാഗദന്തിവേര്, ത്രികോല്പക്കൊന്ന എന്നിവയുടെ കഷായം ഗുരുതരമായ ജഠരരോഗത്തിലും ഹിതമാണ്.

**41. ദശമൂലരാസ്നാദി കഷായം (വി.ഒ.എസ്.)**

രാസ്നൈരണ്ഡാദി കഷായമരുന്നുകളും ദശമൂലവും ചേർത്തു തയ്യാറാക്കുന്നത്. നീരും വേദനയും അധികരിച്ച ഇടങ്ങളിൽ രാസ്നൈരണ്ഡാദി കൊടുക്കാവുന്നിടത്തെല്ലാം കൂടുതൽ ഫലപ്രദം.

**42. ദീപ്യകാദികഷായം**

*(അ.ഹൃ.-ശാരീരം-അ.2-ഗർഭാവക്രാന്തീയം,41)*

**ദീപ്യകാതിവിഷാരാസ്നാഹിംഗ്വേലാപഞ്ചകോലകാത്**
**ചൂർണം സ്നേഹേന കല്കം വാ ക്വാഥം വാ പായയേത്തതഃ**

അയമോദകം, അതിവിടയം, അരത്ത, കായം, ഏലത്തരി, പഞ്ചകോലം എന്നിവയുടെ പൊടി എണ്ണയിൽക്കുഴച്ചോ ഇവകളുടെ കഷായമോ പ്രസവാനന്തരം സൂതികയ്ക്ക് നല്കണം. ദോഷങ്ങൾ സ്രവിച്ചു പോകുന്നതിനും മക്കല്ലം എന്ന ശൂലക്കും (പ്രസവശേഷമുണ്ടാകുന്ന വേദന) നല്ലതാണ്.

**43. ദുസ്പർശകാദി കഷായം (വി.ഒ.എസ്.)**

**ദുസ്പർശകേന വില്വേന യവാന്യാ നാഗരേണ വാ**
**ഏകൈകേനാപി സംയുക്താ പാഠാ ഹന്ത്യർശസാം രുജം**

കൊടിത്തൂവവേര്, കൂവളവേര്, ജീരകം, ചുക്ക് ഇവയിലേതെങ്കിലും ഒന്നിനോട് പാടക്കിഴങ്ങുചേർത്തുവെയ്ക്കുന്ന കഷായം അർശസ്സിന്റെ വേദനയെ ശമിപ്പിക്കും.

കൊടിത്തൂവവേര് തുടങ്ങിയവ ഒന്നരക്കഴഞ്ചുവീതവും പാടക്കിഴങ്ങ് ആറുകഴഞ്ചും എടുത്ത് കഷായം വെച്ച് കൊടുക്കുകയാണ് സാധാരണ പതിവ്. ഇതിന് ഉപോൽബലകമായി വൈദ്യമാലിക അർശോരോഗചികിത്സയിലെ യോഗം നോക്കുക.

**യവാഷം ജീരകം ചുക്കും വില്വമെന്നിവ നാലുമായ്**
**കഴഞ്ചാറതു കൊണ്ടീടു പാടമൂലമതാറുമായ്**
**കഷായം വെച്ചു സേവിച്ചാൽ മൂലരോഗം ശമിച്ചുപോം**

**44. ദ്രാക്ഷാദി കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.സ്ഥാ.-അ.1-ജ്വരചികിത്സാ-ശ്ലോ.55-58)*

**ദ്രാക്ഷാമധൂകമധുകം ലോധ്രകാശ്മര്യശാരിബാഃ**
**മുസ്താമലകഹ്രീബേരപദ്മകേസരപദ്മകം**
**മൃണാളചന്ദനോശീരനീലോത്പലപരൂഷകം**
**ഫാണ്ടോ ഹിമോ വാ ദ്രാക്ഷാദിർജാതീകുസുമവാസിതഃ**
**യുക്തോ മധുസിതാലാജൈർജയത്യനിലപിത്തജം**
**ജ്വരം മദാത്യയം ഛർദ്ദിം മൂർഛാം ദാഹം ശ്രമം ഭ്രമം**
**ഊർധ്വഗം രക്തപിത്തം ച പിപാസാം കാമലാമപി**

മുന്തിരിങ്ങാപ്പഴം, ഇലിപ്പക്കാതൽ, ഇരട്ടിമധുരം, പാച്ചോറ്റിത്തൊലി, കുമിഴിൻവേര്, നറുനീണ്ടിക്കിഴങ്ങ്, മുത്തങ്ങ, നെല്ലിക്കാത്തൊണ്ട്, ഇരുവേലി, താമരയല്ലി, പതിമുകം, താമരവളയം, ചന്ദനം, രാമച്ചം, കരിംകൂവളക്കിഴങ്ങ്, ചിറ്റീന്തൽവേര് ഇവകൊണ്ടുള്ള ഫാണ്ടകഷായമോ ഹിമകഷായമോ പിച്ചകപ്പൂവിട്ട് വാസനപിടിപ്പിച്ച് സേവിക്കുക. പനി, മദാത്യയം, ഛർദ്ദി, മോഹാലസ്യം, ചുട്ടുനീറ്റം, തളർച്ച, തലച്ചുറ്റൽ, ഊർദ്ധ്വഗരക്തപിത്തം, വെള്ളം ദാഹം, മഞ്ഞപ്പിത്തം ഇവയിലെല്ലാം ഗുണപ്രദമാണ്.

തേൻ, പഞ്ചസാര, കല്ക്കണ്ടം, മലർപ്പൊടി ഇവകൾ മേമ്പൊടി.

**45. ദ്വിഗുണരാസ്നാദികഷായം**
**/മഹാരാസ്നാദി/വലിയരാസ്നാദി**

*(സഹസ്രയോഗം വാതം)*

ശാർങ്ഗധരപാഠം

**രാസ്നാ ദ്വിഗുണഭാഗാ സ്യാദേകഭാഗസ്തഥാ/പരേ**
**ധന്വയാഷബലൈരണ്ഡദേവദാരുശഠീവചാ**
**വാശകോ നാഗരം പഥ്യാ ചവ്യാ മുസ്താ പുനർന്നവാ**
**ഗുളൂചീ വൃദ്ധദാരുശ്ച ശതപുഷ്പാ ച ഗോക്ഷുരഃ**
**അശ്വഗന്ധാ പ്രതിവിഷാ കൃതമാലശ്ശതാവരീ**
**കൃഷ്ണാ സഹചരശ്ചൈവ ധാന്യകം ബൃഹതീദ്വയം**
**ഏഭിഃ കൃതം പിബേൽ ക്വാഥം ശുണ്ഠീചൂർണ്ണേന സംയുതം**
**കൃഷ്ണാചൂർണ്ണേന വാ യോഗരാജഗുൽഗുലുനാ/ഥവാ**
**അജമോദാദിനാ ചാപി തൈലമേരണ്ഡജേന വാ**
**സർവ്വാങ്ഗകമ്പേ കുബ്ജത്വേ പക്ഷാഘാതേ/പബാഹുകേ**
**ഗൃധ്രസ്യാമാമവാതേ ച ശ്ലീപദേ ചാപതാനകേ**

വൈദ്യരത്നം ഔഷധശാല

**ആന്ത്രവൃദ്ധൗ തഥാദ്ധ്മാനേ ജംഘാജാനുഗദേ/ർദ്ദിതേ**
**ശുക്ലാമയേ മേഢ്രരോഗേ വന്ധ്യായോന്യാമയേഷു ച**
**മഹാരാസ്നാദിരാഖ്യാതോ ബൃംഹണോ ഗർഭധാരണേ**

ചുവന്നരത്ത കൊടിത്തൂവവേര് കുറുന്തോട്ടിവേര് വെളുത്താവണക്കിൻവേര് ദേവതാരം കച്ചൂരിക്കിഴങ്ങ് വയമ്പ് ആടലോടകവേര് ചുക്ക് കടുക്കത്തൊണ്ട് കാട്ടുമുളകിൻവേര് മുത്തങ്ങക്കിഴങ്ങ് തവിഴാമവേര് ചിറ്റമൃത് വൃദ്ധദാരു ശതകുപ്പ ഞെരിഞ്ഞിൽ അമുക്കുരം അതിവിടയം കൊന്നത്തൊലി ശതാവരിക്കിഴങ്ങ് തിപ്പലി കരിങ്കുറിഞ്ഞിവേര് കൊത്തമ്പാലയരി ചെറുവഴുതിനവേര് വെൾവഴുതിനവേര് ഇവ കഷായം. ഇതിൽ ചുവന്നരത്ത 2ഭാഗവും മറ്റു മരുന്നുകൾ ഓരോ ഭാഗവുമായി ചേർക്കണം. മേമ്പൊടിയായി ചുക്കു പൊടിച്ചതു ചേർക്കണം. അഥവാ അവസ്ഥക്കു തക്കവണ്ണം തിപ്പലിപ്പൊടിയോ യോഗരാജഗുൽഗുലുവോ ചേർക്കാം. അപ്രകാരം തന്നെ അജമോദാദിചൂർണ്ണവും ആവണക്കെണ്ണയുമാവാം. സർവാംഗം വിറയ്ക്കുക കൂനിപ്പോകുക ഒരുവശം തളരുക എന്നീ രോഗങ്ങളിൽ ഇക്കഷായം ഫലപ്രദമാണ്. അപബാഹുകം ഗൃദ്ധ്രസി ആമവാതം മന്ത് അപതാനകം ആന്ത്രവൃദ്ധി ആധ്മാനം തുടയ്ക്കും മുട്ടിനുമുണ്ടാവുന്ന രോഗങ്ങൾ അർദ്ദിതം ഇവയിലും ഫലപ്രദം തന്നെ. ശുക്ളസംബന്ധിയും ലിംഗസംബന്ധിയുമായ രോഗങ്ങൾ വന്ധ്യത യോനീരോഗങ്ങൾ എന്നിവയേയും ഇല്ലാതാക്കും. മഹാരാസ്നാദി എന്ന ഈ വിശേഷപ്പെട്ട കഷായം ബൃംഹണവും ഗർഭധാരണത്തെ സഹായിക്കുന്നതുമാകുന്നു.

### 46. ധനദനയനാദി കഷായം (വി.ഒ.എസ്.)

*(സ.യോ.-വാതം)*

**ധനദനയനശുണ്ഠീ ശിഗ്രു രാസ്നോഗ്രഗന്ധാ**
**വരണലശുനകൃഷ്ണാചിത്രകൈരണ്ഡകൈശ്ച**
**സുരതരുഘനപത്ഥ്യാബർബരൈഃ സംഭൃതാംഭഃ**
**ശമയതി പരിപീതം സാർദ്ദിതാക്ഷേപവാതാൻ**

കഴഞ്ചി(റ്റി)വേര്, ചുക്ക്, മുരിങ്ങവേരിലെ തൊലി, അരത്ത, വയമ്പ്, നീർമാതളവേരിലെ തൊലി, വെളുത്തുള്ളി, തിപ്പലി, കൊടുവേലിക്കിഴങ്ങ്, വെളുത്താവണക്കിൻവേര്, ദേവതാരം, മുത്തങ്ങ, കടുക്കത്തൊണ്ട്, ചെറുതേക്കിൻവേര് ഇവകളാൽ നിർമ്മിതമായ കഷായം അർദ്ദിതം, ആക്ഷേപവാതം എന്നിവയെ ശമിപ്പിക്കും.

### 47. ധാന്വന്തരം കഷായം (വി.ഒ.എസ്.)

*(അ.ഹൃ.-ശാ.സ്ഥാ.-അ.2-ഗർഭാവക്രാന്തീയം 47-52)*

**ബലാമൂലകഷായസ്യ ഭാഗാഃ ഷട് പയസസ്തഥാ**
**യവകോലകുലത്ഥാനാം ദശമൂലസ്യ ചൈകതഃ**
**നിഷ്ക്വാഥഭാഗോ ഭാഗശ്ച തൈലസ്യ ച ചതുർദ്ദശ**
**ദ്വിമേദാദാരുമഞ്ജിഷ്ഠാകാകോളീദ്വയചന്ദനൈഃ**
**ശാരിബാകുഷ്ഠതഗരജീവകർഷഭസൈന്ധവൈഃ**
**കാളാനുസാരീശൈലേയവചാഗരുപുനർന്നവൈഃ**
**അശ്വഗന്ധാവരീക്ഷീരശുക്ലായഷ്ടീവരാരസൈഃ**
**ശതാഹ്വാശൂർപപർണ്യൈലാത്വക്പത്രൈഃ ശ്ലക്ഷ്ണകല്കിതൈഃ**
**പക്വം മൃദ്വഗ്നിനാ തൈലം സർവവാതവികാരജിത്**
**സൂതികാബാലമർമാസ്ഥിഹതക്ഷീണേഷു പൂജിതം**
**ജ്വരഗുല്മഗ്രഹോന്മാദമൂത്രാഘാതാന്ത്രവൃദ്ധിജിത്**
**ധന്വന്തരേരഭിമതം യോനിരോഗക്ഷയാപഹം**

തൈലയോഗത്തെ കഷായമാക്കിയതാണ്. കഷായം വെക്കുമ്പോൾ സ്വീകരിച്ചുവരുന്ന കണക്ക് താഴെ പറയും പ്രകാരമാണ്.

കുറുന്തോട്ടിവേര് ഇരുപത്തിരണ്ടര കഴഞ്ച്. യവം, ലന്തക്കുരു മുതിര, ദശമൂലം പ്രത്യേകം എന്നിവ ഒന്നര കഴഞ്ചുവീതം. ദേവതാരം, മഞ്ചട്ടി, ചന്ദനം, നന്നാറി, കൊട്ടം, തകരം, ഉലുവ, ചേലേയം, വയമ്പ്, അകിൽ, തവിഴാമവേര്, അമുക്കുരം, ശതാവരിക്കിഴങ്ങ്, പാൽമുതക്കിൻകിഴങ്ങ്, ഇരട്ടിമധുരം, കടുക്ക, നെല്ലിക്ക, താന്നിക്ക, നറുമ്പശ, ശതകുപ്പ, കാട്ടുഴുന്നിൻവേര്, കാട്ടുപയറിൻവേര്, ഏലത്തരി, എലവർങ്ങത്തൊലി, പച്ചില എന്നിവ മുക്കാൽ കഴഞ്ചുവീതം.

അഞ്ചിടങ്ങഴി വെള്ളത്തിൽ കഷായം വെച്ച് അഞ്ചുനേരത്തെ കഷായമായി സേവിക്കുക. ഇന്തുപ്പ് മേമ്പൊടി.

വൈദ്യരത്നം ഔഷധശാല

ഇത് സുഖസാധകത്തിൽ കാണുന്ന കണക്കാകുന്നു. മേദ, മഹാമേദ, കാകോളി, ക്ഷീരകാകോളി, ജീവകം, ഇടവകം എന്നിവയെ ഇവിടെ വിട്ടുകളഞ്ഞിരിക്കുന്നു. എങ്കിലും പകരം മരുന്നുകൾ ചേർക്കാവുന്നതാണ്.

പ്രായോ ധാന്വന്തരക്വാഥഃ സക്ഷീരോ വാ പരം ഹിതഃ

മാംസാദിഭിഃ പഞ്ചഭിരാവൃതേ ഹി സമീരണേ (സുഖസാധകം-വാതചികിത്സ-59)

**48. നയോപായം കഷായം (വി.ഒ.എസ്.)**

*(വൈദ്യമനോരമ-വാതചികിത്സ)*

**നയോപായായനമിതൈഃ ബലാജീരകനാഗരൈഃ**
**ക്വാഥഃ പീതഃ പ്രമഥ്നാതി സമീരണബലം ബലാത്**

കുറുന്തോട്ടിവേര്, ജീരകം, ചുക്ക് ഇവ 6-4-2 എന്ന കണക്കുപ്രകാരം കഷായം സേവിക്കുക. വിലോമമായ വാതകോപങ്ങളിലെല്ലാം തന്നെ ആശുഫലപ്രദം. ശ്വാസം, കാസം എന്നിവയിൽ സാധാരണ കഷായം സേവിക്കുന്നപോലെയോ പലവട്ടമായോ കൊടുക്കാം. കുടിവെള്ളമായും കല്പിക്കാവുന്നതാണ്. ധാന്വന്തരം, വായുഗുളിക, ഗോരോചനാദിഗുളിക എന്നിവ അവസ്ഥാനുസാരേണ ചേർക്കാവുന്നതാണ്.

**ബലായാ ദശഭിർഭാഗൈഃ ദ്വാഭ്യാം ജീരകവിശ്വയോഃ**
**സിദ്ധഃ ക്വാഥോ നയോപായഃ ശ്വാസഹിദ്ധ്മാഹരഃ പരഃ**

(ആരോഗ്യരക്ഷാകല്പദ്രുമം, സ.യോഗം വൈദ്യപ്രിയ).

ആയുർവേദ ഫാർമക്കോപ്പിയയിൽ ആരോഗ്യരക്ഷാകല്പദ്രുമത്തിലെ യോഗമാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അനുപാതം 10-2-2 എന്നതാണ്.

ജീരകവിശ്വയോഃ ദ്വാഭ്യാം ഭാഗൈഃ - ജീരകവിശ്വങ്ങളുടെ രണ്ടുഭാഗം, രണ്ടും കൂടി രണ്ടു ഭാഗം എന്നാണ് അന്വയാർത്ഥമായി വരിക. അതായത് 10-1-1 എന്ന അനുപാതമാണ് വേണ്ടത്. കേരളത്തിലെ വൃദ്ധവൈദ്യന്മാരും ഈ അനുപാതമാണ് സ്വീകരിച്ചുവന്നിട്ടുള്ളത്.

**ബൃഹന്നയോപായം കഷായം (വി.ഒ.എസ്.)**

ഓരിലവേരും കുറുന്തോട്ടിവേരും 20ഗ്രാം വീതവും ജീരകം 15ഗ്രാമും ചുക്ക് 5ഗ്രാമും. ഇങ്ങിനെ കഷായം വെക്കുന്നു. നയോപായം കഷായത്തിന്റെ അതേ ഗുണങ്ങളും പ്രയോഗരീതിയും തന്നെയാണിതിനും. എന്നാൽ ഹൃദയസംബന്ധിയായ ശ്വാസവികാരങ്ങളിൽ കൂടുതൽ ഫലപ്രദമാണ്.

അഷ്ടാംഗഹൃദയം വാതവ്യാധിചികിത്സയിൽ -ഹൃത്സ്ഥേ പയഃ സ്ഥിരാസിദ്ധം-(ശ്ളോ.17) എന്നതുകൂടി നോക്കുക.

**49. നവകാർഷികം**

*(സ.യോ.വാതരക്തം)*

**ദാർവ്വീഗളൂചീകടുകോഗ്രഗന്ധാ-**
**മഞ്ജിഷ്ഠനിംബത്രിഫലാകഷായഃ**
**വാതാസ്രമുച്ചൈർന്നവകാർഷികാഖ്യോ**
**ജയേച്ച കുഷ്ഠാനഖിലാൻ നരാണാം**

മരമഞ്ഞൾതൊലി, അമൃത്, കടുകുരോഹിണി, വയമ്പ്, മഞ്ചട്ടി, വേപ്പിൻതൊലി, ത്രിഫല എന്നിങ്ങിനെ ഒമ്പതുകൂട്ടം മരുന്നുകൾ ഓരോ കഴഞ്ചു വീതം കഷായം വെച്ചു സേവിക്കുക. എല്ലാവിധ ത്വഗ്രോഗങ്ങളിലും ഹിതമാണ്. ഇതിലെ കണക്കിനെ പ്രത്യേക വിധിയായി സ്വീകരിക്കണം.

**50. നാഡീകഷായം**

*(സ.യോ.വൈദ്യപ്രിയ.229)*

**ദശമൂലം ബലാമൂലം ത്രിഫലാ കിരിയാത്തയും**
**യവാഷം മരിചം രാസ്നാ ഷഡംഗം ജീരകത്രയം**
**അജാജ്യാരരിയും യഷ്ടി ഉലുവാ ച സുരദ്രുമം**
**മുദ്ഗം പഞ്ചാംഗുലം മഞ്ഞൾ ആശാളീ മരമഞ്ഞളും**
**കതകം നിംബചർമ്മം ച സമഭാഗാനി കാരയേൽ**
**രജ്യതേ വികലാൻ നാഡീൻ സർവനാഡീഹതാൻ ഗദാൻ**
**നാഡീക്വാഥം നിഹന്ത്യേതദ് വൃദ്ധവൈദ്യാഭിസമ്മതം**

ദശമൂലം പത്ത്, കുറുന്തോട്ടിവേര്, ത്രിഫല മൂന്ന്, കിരിയാത്ത, കൊടിത്തൂവവേര്, കുരുമുളക്, ചുവന്നരത്ത, മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം, ജീരകം, കരിഞ്ജീരകം, പെരുംജീരകം,

അയമോദകം, കുടകപ്പാലയരി, കാർകോകിലരി, ചെറുപുന്നയരി, വിഴാലരി, കൊത്തമ്പാലയരി, ഏലത്തരി, എരട്ടിമധുരം, ഉലുവ, ദേവതാരം, ചെറുപയർ, ആവണക്കിൻവേര്, വരട്ടുമഞ്ഞൾ, ആശാളി, മരമഞ്ഞൾത്തൊലി, തേറ്റാമ്പരൽ, വേപ്പിൻതൊലി - നാൽപ്പത്തിനാലു കൂട്ടം മരുന്നുകൾ - സമം കൊണ്ട് കഷായം സേവിക്കുക. നാഡീവൈകല്യത്തെ  ഇല്ലാതാക്കും. നാഡീദോഷത്താലുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ശമനം വരും. നാഡീദോഷത്താൽ ഉണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ശമനം വരും.

**51. നിംബത്വഗാദികഷായം**

**നിംബത്വക്ത്രിഫലാപടോലരജനീവാശാമൃതാശാരിബാ-**
**ശ്യാമാതാമലകീപലംകഷബലാനീലീസ്ഥിരായഷ്ടിഭിഃ**
**സിദ്ധോ മാക്ഷികപിപ്പലീഗിരിജതുപ്രക്ഷേപണാത്സംസ്കൃതഃ**
**ക്വാഥഃ കുംഭഹലീമകം പ്രശമയേത് ഭിന്നന്ദിനൈഃ പഞ്ചഷൈഃ**

വേപ്പിൻതൊലി, ത്രിഫലത്തോട്, പടവലത്തണ്ട്, വരട്ടുമഞ്ഞൾ, ആടലോടകവേര്, ചിറ്റമൃത്, നറുനീണ്ടിക്കിഴങ്ങ്, ത്രികോല്പക്കൊ+ന്ന, നെല്ലിക്കത്തോട്, കുമിഴിൻ വേര്, കുറുന്തോട്ടിവേര്, അമരിവേര്, ഓരിലവേര്, ഇരട്ടിമധുരം എന്നിവകളെക്കൊണ്ട് കഷായം സേവിക്കുക. തേൻ, തിപ്പലി, കന്മദം ഇവ മേമ്പൊടി. അഞ്ചുദിവസം കൊണ്ടുതന്നെ കുഭകാമിലയും ഹലീമകവും എന്ന കാമിലാരോഗത്തിന്റ വകഭേദങ്ങൾ ശമിക്കും.

**52. നിംബാദികഷായം (വി.ഒ.എസ്.)**

*(സ.യോ.-വിദ്രധി)*

**നിംബസ്യതോലമൃതുചുക്കുവരട്ടുമഞ്ഞൾ**
**വാശാഫലത്രയപടോലനിദിഗ്ധികാനാം**
**ക്വാഥം സമാക്ഷികപുരം പുലരേ കുടിച്ചാൽ**
**ദേഹേ കുരുത്തകുരു വേരറുമാറുനാളിൽ**

വേപ്പിൻതൊലി, ചിറ്റമൃത്, ചുക്ക്, വരട്ടുമഞ്ഞൾ, ആടലോടകവേര്, ത്രിഫലത്തോട്, പടവലത്തണ്ട്, ചെറുവഴുതിനവേര് ഇവയുടെ കഷായം തേനും ശുദ്ധിചെയ്ത ഗുഗ്ഗുലുവും ചേർത്തു സേവിക്കുക. കുരുക്കൾ(വിദ്രധികൾ) ഇവ ശമിക്കും.

**ഏതച്ച നിംബാദി പയോദ്രുവല്ക്കം**
**കൂട്ടീട്ടു പീതം കുരുശാന്തികാരി**

എന്നു ചികിത്സാക്രമത്തിൽ പ്രമേഹപിടകാപ്രകരണത്തിൽ പറഞ്ഞിരിക്കുന്നു.

**ആരംഭമാത്രേ ഭിന്നാസു തൈഃ ക്ഷീരിദ്രുത്വഗമ്വിതൈഃ**

(ആരോഗ്യരക്ഷാകല്പദ്രുമം)

**സംശോധ്യ പായയേത് ക്വാഥം നിംബാദ്യം ക്ഷീരിവൃക്ഷജം**
**ലേപേ യോജ്യം മൃണാളാദ്യം ശതധൗതാജ്യമൂഷ്മണി**

(സുഖസാധകം-പിടകാചികിത്സാ-38)

നിംബാദി ചെറിയതു (ബാലചികിത്സ-കരപ്പൻ)

വേപ്പിൻതൊലി പടവലത്തണ്ടു അമൃതു ചുക്കു വറട്ടുമഞ്ഞൾ ആടലോടകത്തിൻവേരു ത്രിഫല ചെറുവഴുതിന ഇവ ഓരോ കഴഞ്ചു നറുനീണ്ടിക്കിഴങ്ങു രണ്ടുകഴഞ്ചു ഇവ കഷായം ഇന്തുപ്പു മേൽപൊടി. അതിസരിക്കിൽ തേനുമാം. എല്ലാവക കരപ്പനും നീരും കുരുവും ശമനം.

**53. നിംബാമൃതാദിപഞ്ചതിക്തകം കഷായം**

*(അ.ഹൃ.വാ.വ്യാ.ചി.ഗു.തി.ഘൃ.യോഗം)*

**നിംബാമൃതാവൃഷപടോലനിദിഗ്ദ്ധികാനാം**
**ഭാഗാൻ പൃഥക് ദശപലാൻ വിപചേത് ഘടേ/പാം**

ഗുൽഗുലുതിക്തകഘൃതത്തിന്റെ കഷായമരുന്നുകളെക്കൊണ്ടുള്ള  കഷായം. ഫലശ്രുതിയും അപ്രകാരം തന്നെ. പഞ്ചതിക്തകം കഷായം എന്ന പേരിലും ലഭ്യമാണ്.

**54. നിശാകതകാദികഷായം (വി.ഒ.എസ്.)**

*(സ.യോ.-പ്രമേഹം)*

**നിശാകതകനെല്ലിക്കാ തെച്ചി പാച്ചൊറ്റി ഭദ്രികാ**
**ഏകനായകരാമച്ചമേഭിഃ ക്വാഥഃ പ്രമേഹഹാ**

വരട്ടുമഞ്ഞൾ, തേറ്റാംപരൽ, നെല്ലിക്കാത്തോട്, തെച്ചിവേര്, പാച്ചൊറ്റിത്തൊലി, ചെറൂളവേര്, ഏകനായക

വൈദ്യരത്നം ഔഷധശാല

വേര് (പൊൻകുരണ്ടിവേരിൻതൊലി), രാമച്ചം- ഇക്കഷായം പ്രമേഹത്തെ ഇല്ലാതാക്കും.

**55. നിശോത്തമാദികഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.,സ്ഥാ.,-അ.19-കുഷ്ഠചികിത്സാ-ശ്ലോ.38)*

**നിശോത്തമാനിംബപടോലമൂല-**
**തിക്താവചാലോഹിതയഷ്ടികാഭിഃ**
**കൃതഃ കഷായഃ കഫപിത്തകുഷ്ഠം**
**സുസേവിതോ ധർമ്മ ഇവോച്ഛിനത്തി**

വരട്ടുമഞ്ഞൾ, ത്രിഫലത്തോട്, വേപ്പിൻതൊലി, കാട്ടുപടവലം, കടുകുരോഹിണി (പുത്തരിച്ചുണ്ടയെന്നും), വയമ്പ്, മഞ്ചട്ടി ഇവ സമം കഷായം. കഫപിത്തജമായ കുഷ്ഠങ്ങൾ ശമിക്കും.

**ത്രിഫലാനിംബപടോലം മഞ്ചിഷ്ഠാ രോഹിണി വചാ രജനീ**
**ഏഷഃ കഷായോ/ഭ്യസ്താ നിഹന്തി കഫപിത്തജം കുഷ്ഠം**

എന്നു ചരകസംഹിതയിലും കാണുന്നു.

**56. നിർഗുണ്ഡ്യാദികഷായം (വി.ഒ.എസ്.)**

**നിർഗുണ്ഡ്യഗ്നിവിഡംഗദാരുരജനീമുസ്താഖുകർണീക്ഷപൈഃ**
**ഭാർങ്ഗീവ്യോഷപലാശശിഗ്രുചവികാപഥ്യാരസോനാന്വിതൈഃ**
**ക്വാഥഃ ശിഗ്രുവിഡംഗഹിംഗുപടുമാൻ കീടാംശ്ച വിധ്വംസയേത്**
**ദണ്ഡോ/ഥർവ സമസ്തമന്ത്രകൃതസംസ്കാരോ യഥൈവാസുരാൻ**

കരുനൊച്ചിവേര്, കൊടുവേലിക്കിഴങ്ങ്, വിഴാലരി, ദേവതാരം, വരട്ടുമഞ്ഞൾ, മുത്തങ്ങാക്കിഴങ്ങ്, എലിച്ചെവി, കരിന്തുമ്പവേര്, ചെറുതേക്കിൻവേര്, ത്രികടു, പ്ളാശിൻതൊലി, മുരിങ്ങവേരിലെത്തൊലി, കാട്ടുമുളകിൻവേര്, കടുക്കത്തൊണ്ട്, വെളുത്തുള്ളി ഇവ കഷായം വെച്ച് മുരിങ്ങക്കുരു, വിഴാലരി, കായം, ഇന്തുപ്പ് എന്നിവ മേമ്പൊടി ചേർത്ത് സേവിക്കുക. വേണ്ടവിധത്തിൽ പ്രയോഗിക്കപ്പെട്ട അഥർവ്വമന്ത്രങ്ങൾ അസുരന്മാരെ നശിപ്പിക്കുന്നതുപോലെ കൃമികുലം നശിക്കും.

**57. നീലീകരഞ്ജാദികഷായം**

*(പ്രയോഗസമുച്ചയെ/ഷഷ്ഠപരിച്ഛേദം മൂഷികസാമാന്യചികിത്സ)*

**നീലീകരഞ്ജപിചുമന്ദശിരീഷശിഗ്രു-**
**മുസ്തോഗ്രവിശ്വസുരഭൂരുഹചന്ദനാനി**
**ഏഭിസ്സമാംശസഹിതൈഃ പരിപക്വമംഭഃ**
**ശീഘ്രം വിനാശയതി മൂഷികദോഷജാലം**

അമരിവേര് ഉങ്ങിൻതൊലി വേപ്പിൻതൊലി നെന്മേനിവാകത്തൊലി മുരിങ്ങത്തൊലി മുത്തങ്ങ വയമ്പ് ചുക്ക് ദേവതാരം ചന്ദനം ഇവ തുല്യഅളവിൽ കഷായം. എലിയിൽ നിന്നുണ്ടായ എല്ലാ ദോഷവും തീരും.

**58. നീലീതുളസ്യാദികഷായം**

*(പ്രയോ.സമു.-ലൂതാസാമാന്യചികിത്സ അഷ്ടമപരിച്ഛേദം)*

**നീലീദളമതും നല്ല തുളസീ കരിനൊച്ചിയും**
**പിഴിഞ്ഞുണ്ടായ വെള്ളത്തിൽ വെന്തുകൊള്ളൂ ഘൃതം ഭിഷക്**
**കല്ക്കത്തിന്നുള്ളിയും വ്യോഷമശ്വഗന്ധഞ്ച ചന്ദനം**
**മധുകം തകരം കൊട്ടം നന്നാറി കരളേകവും**
**തുല്യമായിവയെല്ലാമേ കൂട്ടി വെന്തതരിച്ചുടൻ**
**സേവിച്ചുകൊണ്ടാൽ തീർന്നീടും ലൂതാവിഷമശേഷവും**
**ഇവറ്റിൻവേർ കഷായം വെച്ചതിലും വെന്തുകൊള്ളലാം**
**ഇച്ചൊന്നപോലെ തേങ്ങാനെ കാച്ചി തേച്ചീടിലും തഥാ**

നീലമരിയില, തുളസിയില, കരിനൊച്ചിയില ഇവ ഇടിച്ചുപിഴിഞ്ഞനീരിൽ വെളുത്തുള്ളി ത്രികടു അമുക്കുരം ചന്ദനം ഇരട്ടിമധുരം തകരം കൊട്ടം നന്നാറി ഗരുഡക്കൊടി ഇവ കല്ക്കം ചേർത്ത് നെയ്യുവെന്തു കൂട്ടുക. ചിലന്തിവിഷമെല്ലാം തന്നെ തീരും. ഇടിച്ചുപിഴിയുവാൻ പറഞ്ഞവയുടെ വേരുകൾ കഷായം വെച്ചും നെയ്യു കാച്ചാം. നെയ്യിനുപകരം വെളിച്ചെണ്ണ കാച്ചിയും പ്രയോഗിക്കാം.

കഷായത്തിനാകുമ്പോൾ ഇടിച്ചുപിഴിവാൻ പറഞ്ഞവയുടെ വേരുകളും കല്ക്കത്തിനു പറഞ്ഞ മരുന്നുകളും സമം ചേർത്തുവെച്ച് സേവിക്കണം.

**59. നീലീമൂലാദികഷായം**

(പ്ര.സമു.-ഏകാദശപരിച്ഛേദം സ്ഥാവരജംഗമവിഷസാമാന്യചികിത്സ)

**നീലീമൂലം പരണ്ടാ ച വേപ്പിൻതോൽ പലമൊന്നിവ**
**കരഞ്ജചർമ്മവും തദ്വൽ ചതുഃപ്രസ്ഥജലേ പചേൽ**
**നാലൊന്നുശേഷമുള്ളപ്പോൾ ഘൃതം നാനാഴി ചേർക്കണം**
**കല്ക്കത്തിന്നമരീമൂലം വചാ വ്യോഷം നിശാദ്വയം**
**യഷ്ടീകലിംഗസിന്ധൂത്ഥം അശ്വഗന്ധം നതം പുനഃ**
**ചന്ദനം മുസ്തയും പാടക്കിവങ്ങും വിഷവേഗവും**
**കൂട്ടിവെന്തതു സേവിക്ക വിഷമേപി വിഷാമയെ**

നീലീഘൃതയോഗത്തിലെ തിരഞ്ഞെടുത്ത 15 കൂട്ടം മരുന്നുകൾകൊണ്ടാണ് (ഔഷധി) കഷായം തയ്യാറാക്കുന്നത്. നീലമരിവേര് അമൽപ്പൊരിവേര് ഉങ്ങിൻതൊലി വേപ്പിൻതൊലി അങ്കോലത്തിൻവേര് മുരിങ്ങത്തൊലി വയമ്പ് ദേവതാരം ചന്ദനം നെന്മേനിവാകത്തൊലി മുത്തങ്ങ ജീരകം അമുക്കുരം ചുക്ക് കൊട്ടം

**60. പഞ്ചകോലം കഷായം**

**പിപ്പലീപിപ്പലീമൂലചവ്യചിത്രകനാഗരൈഃ**

തിപ്പലി, കാട്ടുതിപ്പലിവേര്, കാട്ടുമുളകിൻ വേര്, കൊടുവേലിക്കിഴങ്ങ്, ചുക്ക് ഇവകൾ സമം കഷായം

**61. പഞ്ചതിക്തകം കഷായം (വി.ഒ.എസ്.)**

**നിംബാമൃതാവൃഷപടോലനിദിഗ്ധികാനാം**
**ക്വാഥോ ജയേത് പ്രബലവാതഗദം നരാണാം**

വേപ്പിൻതോൽ, അമൃത്, ആടലോടകവേര്, പടവലത്തണ്ട്, ചെറുവഴുതിനവേര് ഇവയുടെ കഷായം സേവിക്കുക. ശക്തമായ വാതവും ശമിക്കും.

(ഗുൽഗുലുതിക്തകം നെയ്യിന്റെ കഷായമരുന്നുകളാണ് മേല്പറഞ്ഞവ. തത്സേവിതം പ്രഥമതി പ്രബലം സമീരം- എന്ന ഗുണപാഠവും നോക്കുക.)

നിംബാമൃതാദി പഞ്ചതിക്തകം കഷായം തന്നെയാണിത്.

**62. പടോലമൂലാദി കഷായം (വി.ഒ.എസ്.)**

(അ.ഹൃ.-ചി.സ്ഥാ.-അ.19-കുഷ്ഠചികിത്സാ-ശ്ലോ.28-30)

**പടോലമൂലത്രിഫലാവിശാലാഃ**
**പൃഥക്ത്രിഭാഗാ പചിതത്രിശാണാഃ**
**സ്യുസ്ത്രായമാണാ കടുരോഹിണീ ച**
**ഭാഗാർദ്ധികേ നാഗരപാദയുക്തേ**
**ഏതത്പലം ജർജ്ജരിതം വിപക്വം**
**ജലേ പിബേദ്ദോഷവിശോധനായ**
**ജീർണേ രസൈർധന്വമൃഗദ്വിജാനാം**
**പുരാണശാല്യോദനമാദദതീത**
**കുഷ്ഠം കിലാസം ഗ്രഹണീപ്രദോഷ-**
**മർശാംസി കൃച്ഛ്രാണി ഹലീമകം ച**
**ഷഡ്രാത്രിയോഗേന നിഹന്തി ചൈതത്**
**ഹൃദ്വസ്തിശൂലം വിഷമജ്വരം സഃ**

പടവവലത്തണ്ട്, ത്രിഫലത്തോട് പ്രത്യേകം, കാട്ടുവെള്ളരിവേര് ഇവ ഈരണ്ടു കഴഞ്ചുവീതം. ബ്രഹ്മിയും കടുരോഹിണിയും മുക്കാൽ കഴഞ്ചു വീതം. ചുക്ക് അരക്കഴഞ്ച്. ഇങ്ങിനെ കണ്ട് കഷായം വെച്ച് ദോഷത്തിന്റെ ശോധനത്തിനായി സേവിക്കുക. കഷായം ദഹിച്ചു കഴിഞ്ഞാൽ പഴകിയ ചെന്നല്ലരിച്ചോറ് ജാംഗലങ്ങളായ മൃഗപക്ഷികളുടെ മാംസരസം കൂട്ടി കഴിക്കണം. കുഷ്ഠം, ശ്വിത്രം, ഗ്രഹണീദോഷം, കൃച്ഛ്രങ്ങളായ അർശസ്സുകൾ, ഹലീമകം എന്നിവയ്ക്കെല്ലാം ആറു ദിവസത്തെ സേവനം കൊണ്ടു തന്നെ ശമനം വരും. ഹൃദയം വസ്തി എന്നിവിടങ്ങളിലെ വേദനകൾക്കും വിഷമജ്വരത്തിനും ഇത് നല്കാവുന്നതാണ്.

**63. പടോലാദികഷായം (വി.ഒ.എസ്.)**

**പടോലകടുരോഹിണ്യാദികഷായം / പടോലാദിഗണം കഷായം**

(അ.ഹൃ.-സൂ.സ്ഥാ.-അ.15-ശോധനാദിഗണം-ശ്ലോ.15)

**പടോലകടുരോഹിണീചന്ദനം**

വൈദ്യരത്നം ഔഷധശാല

**മധുസ്രവഗുഡൂചീപാഠാന്വിതം**
**നിഹന്തി കഫപിത്തകുഷ്ഠജ്വരാൻ**
**വിഷം വമിമരോചകം കാമലാം**

പടവലത്തണ്ട്, കടുരോഹിണി, ചന്ദനം, പെരുംകുരുമ്പവേര്, അമൃത്, പാടക്കിഴങ്ങ് ഇവ സമം കഷായം. കഫപിത്തജമായ കുഷ്ഠം, പനി എന്നിവയേയും, വിഷം, ഛർദ്ദി, രുചിക്കുറവ്, കാമില ഇവയേയും ഇല്ലാതാക്കും.

**പടോലാദികഷായം (മറ്റൊന്ന്)**

*(സ.യോ.ജ്വരചികിത്സ)*

**പടോലം പിചുമർദഞ്ച ത്രിഫലാ മധുകം ബലാ**
**സാധിതോ/യം കഷായഃ സ്യാൽ പിത്തശ്ളേഷ്മോദ്ഭവേ ജ്വരേ**

പടവലത്തണ്ട്, വേപ്പിൻതൊലി, ത്രിഫലത്തോട്, ഇരട്ടിമധുരം കുറുന്തോട്ടിവേര് ഇവയുടെ കഷായം പിത്തകഫജമായ പനിയിൽ സേവിക്കേണ്ടതാണ്.

വേറൊന്ന്-

*(സ.യോ.-വിസർപ്പവിസ്ഫോടചികിത്സാ)*

**പടോലത്രിഫലാരിഷ്ടഗുഡൂചീമുസ്തചന്ദനൈഃ**
**സമൂർവാം രോഹിണീ പാഠാ രജനീ സദുരാലഭാ**
**കഷായം പായയേദേതത് ശ്ളേഷ്മപിത്തജ്വരാപഹം**
**കണ്ഡൂത്വഗ്ദോഷവിസ്ഫോടവിഷവീസർപനാശനം**

പടവലത്തണ്ട്,ത്രിഫലത്തോട്, വേപ്പിൻതൊലി, അമൃത്, മുത്തങ്ങ, ചന്ദനം, പെരുങ്കുരുമ്പവേര്, കടുരോഹിണി, പാടക്കിഴങ്ങ്, മഞ്ഞൾ, കൊടിത്തൂവവേര് ഇവ കഷായം വെച്ചു സേവിക്കുക. ചൊറിച്ചിൽ ത്വഗ്രോഗങ്ങൾ, വിസ്ഫോടം, വിഷം, വിസർപ്പം എന്നിവ ശമിക്കും.

ഇങ്ങിനെ മറ്റൊരു യോഗവും ലഭ്യമാണ്.

**64. പഥ്യാകട്ഫലാദികഷായം**

*(സ.യോ.ജ്വരം)*

**പഥ്യാകട്ഫലനാഗരാംബുദവചാഭൂനിംബധാന്യദ്രുമൈഃ**
**ഭാർങ്ഗീപർപ്പടകാന്വിതൈഃ ശൃതമിദം തോയം സുശീതം പുനഃ**
**മധ്വാഢ്യം പരമാണുരാമയുതം ശ്ലേഷ്മജ്വരം നാശയേൽ**
**കോഷ്ഠാർത്തിശ്വസനാഗ്നിസാദകസനാരുച്യാസ്യശോഷാന്വിതം**

കടുക്കത്തൊണ്ട് കുമിഴിൻവേര് ചുക്ക് മുത്തങ്ങ വയമ്പ് പുത്തരിച്ചുണ്ടവേര്(കിരിയാത്തെന്നും) കൊത്തമ്പാലയരി ദേവതാരം ചെറുതേക്കിൻവേര് പർപ്പടകപ്പുല്ല്. എന്നിവയാൽ കഷായം വെച്ച് തണുത്തതിനു ശേഷം തേനും കായം പൊരിച്ചു പൊടിച്ചതും മേമ്പൊടി ചേർത്ത് സേവിക്കുക. വയറുവേദന ശ്വാസവൈഷമ്യം ദഹനക്കുറവ് ചുമ അരുചി വായ്‌വരൾച്ച എന്നിവയോടുകൂടിയ ശ്ളേഷ്മജ്വരം ശമിക്കും.

അ.ഹൃ.ജ്വ.ചികിത്സയിലെ 62-63 ശ്ലോകത്തിലായ് പറയുന്ന പഥ്യാദികഷായം തന്നെയാണിത്

**പഥ്യാകുസ്തുംബരീമുസ്താശുണ്ഠീകത്തൃണപർപടം**
**സകട്ഫലവചാഭാർങ്ഗീദേവാഹ്വം മധുഹിംഗുമത്**
**കഫവാതജ്വരേഷ്വേവ കുക്ഷിഹൃത്പാർശ്വവേദനാഃ**
**കണ്ഠാമയാസ്യശ്വയഥുകാസശ്വാസാന്നിയച്ഛതി**

അ.ഹൃ.യോഗത്തിലെ കത്തൃണത്തിനുപകരം ഭൂനിംബമെന്നാണ് കേരളീയ ഗ്രന്ഥപാഠം

**65. പഥ്യാപുനർന്നവാദികഷായം (വി.ഒ.എസ്.)**
**(സ.യോ.ശോഫം)**

**പത്ഥ്യാപുനർനവനിശാകണമൂലവഹ്നി-**
**ചിത്രാബ്ദജീരകസുരദ്രുമമാഗധീനാം**
**ക്വാഥം പിബേത് ശ്വയഥുദണ്ഡധരാത്തജീവോ-**
**പ്യുത്തിഷ്ഠതേ ശിവസമാശ്രിതബാലതുല്യഃ**

കടുക്കത്തൊണ്ട്, തവിഴാമവേര്, വരട്ടുമഞ്ഞൾ, കാട്ടുതിപ്പലിവേര്, കൊടുവേലിക്കിഴങ്ങ്, വെളുത്താവണക്കിൻവേര്, മുത്തങ്ങ, ജീരകം, ദേവതാരം, ചെറുതിപ്പലി എന്നിവയുടെ കഷായം ശോഫത്തിൽ ഹിതമാണ്. സർവ്വാംഗം നീരുവന്ന് അനങ്ങാൻ കഴിയാതെ കിടക്കുന്നവനും കൂടി ശിവനെ ആശ്രയിച്ച മാർക്കണ്ഡേയനെപ്പോലെ ഉയിർത്തെഴുന്നേൽക്കും.

(പഥ്യാപുനർനവകണാദശമൂലവഹ്നി- എന്നിങ്ങിനെ ഒരു പാഠഭേദവും അഷ്ടവൈദ്യന്മാർക്കിടയിൽ നടപ്പുണ്ട്. ദശമൂലം ശോഫത്തിലും തൽജാതമായ രുജകളിലും വളരേയേറെ ഫലപ്രദവുമാണ്. )

**66. പഥ്യാദിഷഡംഗം കഷായം (വി.ഒ.എസ്.)**

**പഥ്യാഷഡംഗം കഷായം/പഥ്യാക്ഷധാത്ര്യാദികഷായം**

*(ശാ.സംഹിത-മധ്യമഖണ്ഡം-അ.2-ശ്ലോ.155-157)*

**പഥ്യക്ഷധാത്രീഭൂനിംബനിശാനിംബാമൃതായുതൈഃ**
**കൃതഃ ക്വാഥഃ ഷഡംഗോ/യം സഗുഡഃ ശീർഷശൂലഹൃത്**
**ഭ്രൂശംഖകർണശൂലാനി തഥാ/ർദ്ധശിരോരുജം**
**സൂര്യാവർത്തം ശംഖകം ച ദന്തപാതം ച തദ്രുജം**
**നക്താന്ധ്യം പടലം ശുക്രം ചക്ഷുഃ പീഡാം വ്യപോഹതി**

കടുക്കാത്തോട്, താന്നിക്കാത്തോട്, നെല്ലിക്കാത്തോട്, കിരിയാത്ത, വരട്ടുമഞ്ഞൾ, വേപ്പിൻ തൊലി, അമൃത് ഇവയുടെ കഷായം ശർക്കരയും ചേർത്തു സേവിക്കുക തലവേദന ശമിക്കും. പുരികങ്ങൾ, ചെന്നിപ്രദേശം, കണ്ണ് എന്നിവിടങ്ങളിലെ വേദനാവിശേഷങ്ങൾ, ഒരുചെന്നിക്കുത്ത്, സൂര്യാവർത്തം, ശംഖകം, പല്ലുകൾ ഇളകി കൊഴിയുക, പല്ലുവേദന, രാത്രി കണ്ണുകാണായ്ക, പടലം ശുക്ളം എന്നീ ചക്ഷുരോഗങ്ങൾ കണ്ണിനുണ്ടാകുന്ന വേദന എന്നിവകളിലും ഈ കഷായം ഫലപ്രദമാണ്.

അയം ഷഡംഗഃ- എന്നതുകൊണ്ട് പഥ്യകൂടി ചേർന്ന ഷഡംഗം- പഥ്യാഷഡംഗം എന്ന് വിവക്ഷ.

രാത്രിഭക്ഷണത്തിനു ശേഷം നൽകുകയാണ് പതിവ്.

**67. പാചനാമൃതം കഷായം (വി.ഒ.എസ്.)**

*(സ.യോ.-ജ്വരം)*

**അമൃതോശീരവാശാബ്ദവിശ്വഭൂനിംബവാളകൈഃ**
**സപർപ്പടകധാന്യാകധന്വയാഷൈർവിപാചിതം**
**പാക്യം ജ്വരേഷു പാതവ്യം പാചനാമൃതസംജ്ഞിതം**

ചിറ്റമൃത്, രാമച്ചം, ആടലോടകവേര്, മുത്തങ്ങ, ചുക്ക്, പുത്തരിച്ചുണ്ടവേര്, ഇരുവേലി, പർപ്പടകപ്പുല്ല്, കൊത്തംപാലരി, കൊടിത്തൂവവേര് ഇവയുടെ കഷായം ജ്വരത്തിൽ ആമപാചനത്തിനായി സേവിക്കേണ്ടതാണ്. പാചനാമൃതം എന്നാണിതിന്റെ പേര്. സഹസ്രയോഗത്തിൽ അമൃതാദി എന്ന പേരിലായിരിക്കും കാണുക.

**68. പുനർന്നവാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-പാണ്ഡു)*

**പുനർന്നവാനിംബപടോലശുണ്ഠീ-**
**തിക്താമൃതാദാർവ്യഭയാകഷായഃ**
**സർവാംഗശോഫജ്വരകാസശൂല-**
**ശ്വാസാന്വിതം പാണ്ഡുഗദം നിഹന്തി**

തവിഴാമവേര്, വേപ്പിൻതോൽ, പടവലത്തണ്ട്, ചുക്ക്. പുത്തരിച്ചുണ്ടവേര് (കിര്യാത്തുമാവാം), അമൃത്, മരമഞ്ഞൾത്തൊലി, കടുക്കത്തോട് ഇവയുടെ കഷായം സേവിക്കുക. ശരീരം മുഴുവനുമായി കാണുന്ന നീര്, പനി, ചുമ, വേദനാവിശേഷങ്ങൾ, കിതപ്പ് എന്നിവയോടെല്ലാം കൂടിയ പാണ്ഡുരോഗം ശമിക്കും.

**69. പ്രസാരണ്യാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-വാതം)*

**പ്രസാരണീമാഷബലാരസോന-**
**രാസ്നൗഷധൈഃ പ്രക്വഥിതം തദംഭഃ**
**പിബന്തി യേ ക്ഷീരഭുജോ ജയന്തി**
**മരുദ്വികാരാനപബാഹുകഞ്ച**

പ്രസാരണി, ഉഴുന്ന്, കുറുന്തോട്ടിവേര്, വെളുത്തുള്ളി, അരത്ത, ചുക്ക് എന്നിവയാൽ കഷായം വെച്ചു സേവിക്കുകയും പാൽകൂട്ടി ഉണ്ണുകയും ചെയ്താൽ വാതരോഗങ്ങളും വിശേഷിച്ച് അപബാഹുകവും ശമിക്കും. ഇത് പാൽക്കഷായമായും നല്കുക പതിവുണ്ട്.

സുഖസാധകത്തിൽ പക്ഷാഘാതത്തിൽ സഹചരാദി, അഷ്ടവർഗ്ഗം, പ്രസാരണ്യാദി എന്നീകഷായങ്ങൾ കൊടുക്കുവാൻ നിർദ്ദേശിച്ചുകാണുന്നു.

**70. ബലാകുലത്ഥാദികഷായം**

*(ആരോഗ്യകല്പദ്രുമം അ.17- വാതവ്യാ.)*

**ബലാകുലത്ഥകോരണ്ഡകണാമൂലപുനർന്നവൈഃ**
**മാഷഗോധൂമജീവന്തീസുരദാരുജയായുതൈഃ**
**സിദ്ധഃ കഷായസ്തൈലാഢ്യഃ പക്ഷാഘാതനിബർഹണഃ**
**പ്രാതർമുഖേ രജന്യാശ്ച പായയേത്തം തദാതുരം**

കുറുന്തോട്ടിവേര് മുതിര കരിങ്കുറിഞ്ഞിവേര് കാട്ടുതിപ്പലിവേര് തവിഴാമവേര് ഉഴുന്ന് ഗോതമ്പ് അടപതിയൻകിഴങ്ങ് ദേവതാരം കടുക്കത്തൊണ്ട്. എന്നിവയാൽ കഷായം രാവിലേയും വൈകീട്ടും സേവിക്കുക. യുക്തമായ തൈലം മേമ്പൊടി ചേർത്തു വേണം സേവിക്കുവാൻ. പക്ഷാഘാതത്തെ ഇല്ലാതാക്കും.

ഇതേ പ്രകരണത്തിൽ തന്നെ പാദഹർഷത്തിന് മറ്റൊരു ബലാകുലത്ഥാദിയും ആര.ര.കല്പദ്രുമത്തിൽ വിവരിക്കുന്നുണ്ട്.

**71. ബലാകൊടിത്തൂവാദികഷായം**

*(സ.യോ.-സൂതികാരോഗചികിത്സ)*

**ബലാകൊടിത്തൂവസപർപടാബ്ദ-**
**ധാന്യാകമുദ്ഗം ചെറുപഞ്ചമൂലം**
**സശൃംഗിവേരം പുലരേ കുടിച്ചാ-**
**ലീറ്റാംഗനാനാം പനി തീരുമന്നേ**

കുറുന്തോട്ടിവേര്, കൊടിത്തൂവവേര്, പർപ്പടപ്പുല്ല്, മുത്തങ്ങാക്കിഴങ്ങ്, കൊത്തംപാലരി, ചെറുപയറ്, ചെറിയ പഞ്ചമൂലം, ചുക്ക് ഇവകൊണ്ട് കഷായം വച്ച് രാവിലെ കുടിക്കുക. സൂതികയുടെ പനി ശമിക്കും.

**72. ബലാഗുളൂച്യാദികഷായം**

(ചി.മ.വാ.ശോ.41)

**ബലാഗുളൂചീസുരപാദപാനാം**
**ആറോടുനാലോടഥരണ്ടിനോട്**
**കഴഞ്ചുകൊണ്ടുള്ള കഷായപാനാൽ**
**അശേഷവാതം ശമമേതി സദ്യഃ**

കുറുന്തോട്ടിവേര് 6-കഴഞ്ച്, അമൃത് 4-കഴഞ്ച്, ദേവതാരം 2-കഴഞ്ച് എന്നിങ്ങിനെ കണ്ടു കഷായം വെച്ചു സേവിക്കുക. വാതശോണിതത്തിന്റെ എല്ലാ അവസ്ഥകളിലും ഹിതമാണ്.

ഈ യോഗം കൊണ്ടുള്ള പാൽകഷായവും പ്രശസ്തമാണ്.

**ബലാനാലമൃതാഷട്ച ദാരുരണ്ടുകഴഞ്ചുമായ്**
**സപാൽ കഷായം പാതവ്യം വാതരക്താംഗമർദ്ദജിൽ**
(ചി.മ.-വാ.ശോ. 17)

**73. ബലാജീരകാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-ശ്വാസകാസം)*

**ബലാജീരകവില്വാബ്ദവൃഷവിശ്വസുരദ്രുമൈഃ**
**ഗുഹേക്ഷുലാജസഹിതൈഃ നിഷ്ക്വാഥഃ ശ്വാസകാസഹാ**

കുറുന്തോട്ടിവേര്, ജീരകം കൂവളവേര്, മുത്തങ്ങ, ആടലോടകവേര്, ചുക്ക്, ദേവതാരം, ഓരിലവേര്, കരിമ്പിൻവേര്, മലര് ഇവകളുടെ കഷായം ശ്വാസം കാസം എന്നിവയെ ഇല്ലാതാക്കും.

ബലാജീരകമേഘേക്ഷുലാജവില്വമഹൗഷധൈഃ

ദേവദാരുഗുഹാവാശാസഹിതൈഃ ക്വഥിതം ജലം

കൃഷ്ണാമധുസിതോപേതം ശ്വാസകാസഹരം പരം

ആജം പയോ വാ സംസിദ്ധമേഭിഃ ശർക്കരയാന്വിതം

എന്ന് ആരോഗ്യരക്ഷാകല്പദ്രുമത്തിൽ കാണുന്നു.

ചികിത്സാക്രമം ചികിത്സാമഞ്ജരി എന്നിവയിൽ കാസചികിത്സയിൽ ഈ യോഗം പ്രതിപാദിച്ചിട്ടുണ്ട്.

**74. ബലാപുനർന്നവാദികഷായം**

**(സ.യോ.ശൂല-5)**

വൈദ്യരത്നം ഔഷധശാല

**ബലാപുനർന്നവൈരേണ്ഡബൃഹതീദ്വയഗോക്ഷുരൈഃ**
**സഹിംഗുലവണം പീതം സദ്യോ വാതരുജാപഹം**

കുറുന്തോട്ടിവേര്, തവിഴാമവേര്, ആവണക്കിൻവേര്, ചെറുവഴുതിനവേര്, വെൾവഴുതിനവേര്, ഞെരിഞ്ഞിൽ, ഇവ കഷായം. കായവും ഇന്തുപ്പും മേമ്പൊടി. വാതികമായ ശൂലക്ക് വിശേഷം.

**75. ബലാസൈരേയകാദികഷായം**

*(ആരോഗ്യരക്ഷാകല്പദ്രുമം അ.17-വാതവ്യാ.)*

**ബലാസൈരേയകാഭീരുപയസ്യാദാരുചന്ദനൈഃ**
**യഷ്ട്യാഹ്വയവിളംഗൈലാമുസലീകന്ദഗോക്ഷുരൈഃ**
**ശാരിബോഗ്രാകണാഭിശ്ച നിര്യൂഹഃ സാധിതഃ പ്രഗേ**
**ഘൃതസൈന്ധവസംയുക്തഃ പീതോ വാക്സ്തംഭനാശനഃ**

കുറുന്തോട്ടിവേര്, കരിംകുറുഞ്ഞിവേര്, ശതാവരിക്കിഴങ്ങ്, അടപതിയൻകിഴങ്ങ്, ദേവദാരു, ചന്ദനം, ഇരട്ടിമധുരം, വിഴാലരി, ഏലത്തരി, നിലപ്പനക്കിഴങ്ങ്, ഞെരിഞ്ഞിൽ, നറുനീണ്ടി, വയമ്പ്, തിപ്പലി ഇവ കഷായം വെച്ച് സേവിക്കുക. നെയ്യും ഇന്തുപ്പും മേമ്പൊടി ചേർക്കണം. പക്ഷാഘാത്താലും മറ്റും ഉരിയാടാതെ വരുന്നിടത്ത് ഫലപ്രദം. ഇക്കഷായം രാവിലെയാണ് സേവിക്കേണ്ടത്.

**76. ബലാശതാവര്യാദി കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.സ്ഥാ.-അ.22-വാതശോണിതചികിത്സാ-ശ്ലോ.8-9)*

**ബലാശതാവരീരാസ്നാദശമൂലൈഃ സപീലുഭിഃ**
**ശ്യാമൈരണ്ഡസ്ഥിരാഭിശ്ച വാതാർത്തിഘ്നം ശൃതം പയഃ**

കുറുന്തോട്ടിവേര്, ശതാവരിക്കിഴങ്ങ്, അരത്ത, ദശമൂലം പ്രത്യേകം, ഉകക്കായ, ത്രികോല്പക്കൊന്ന, വെളുത്താവണക്കിൻവേര്, ഓരിലവേര് എന്നിവകളെക്കൊണ്ടു തയ്യാറാക്കുന്ന പാൽക്കഷായം വാതരോഗങ്ങളിലെ വേദനയെ ശമിപ്പിക്കും.

പീലുവിന് കാപ്പിയുടെ വേരോ കുരുവോ ചേർക്കുന്ന സമ്പ്രദായവും നിലവിലുണ്ടായിരുന്നു.

**77. ബ്രഹ്മീദ്രാക്ഷാദികഷായം**

*(സ.യോ.ജ്വ.ചി.)*

**ബ്രഹ്മീദ്രാക്ഷാജലധരവചാഭീരുശമ്യാകതിക്താ-**
**പഥ്യാധാത്രീകലിതരുബലാനിംബകോശാതകീഭിഃ**
**ഭൂനിംബം വ്യോഷവഹ്നീസുരതരുസഹിതം പഞ്ചമൂലീദ്വയേന**
**ക്വാഥം പീതം സകലപവനവ്യാധിരുഗ്ദാഹഹന്ത്രീ**

ബ്രഹ്മി, മുന്തിരിങ്ങാപ്പഴം, മുത്തങ്ങാക്കിഴങ്ങ്, വയമ്പ്, ശതാവരിക്കിഴങ്ങ്, ത്രികോല്പക്കൊന്ന, കടുരോഹിണി , കടുക്ക, നെല്ലിക്ക, താന്നിക്ക, കുറുന്തോട്ടിവേര്, വേപ്പിൻതൊലി, പുട്ടൽപ്പീരത്തിൻ വേര്, പുത്തരിച്ചുണ്ടവേര് (കിരിയാത്ത), ചുക്ക്, മുളക്, തിപ്പലി, കൊടുവേലിക്കിഴങ്ങ്, ദേവതാരം, പഞ്ചമൂലങ്ങൾ ചെറുതും വലുതും എന്നിവയെല്ലാം കഷായം വെച്ച് കുടിച്ചാൽ എല്ലാവിധത്തിലുള്ള വാതജ്വരങ്ങൾക്കും രുഗ്ദാഹസന്നിക്കും വിശേഷമാണ്.

**78. ബൃഹത്യാദികഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-അ.*

**ബൃഹത്യാദിഗണേ സിദ്ധം ദ്വിഗുണീകൃതഗോക്ഷുരൈഃ**
**തോയം പയോ വാ സർപ്പിർവാ സർവ്വമൂത്രവികാരജിത്**

ഓരിലവേര്, മൂവിലവേര്, ചെറുവഴുതിനവേര്, വെൾവഴുതിനവേര്-(വഴുതിന ഒന്നും ചെറൂളവേര് ഒന്നും ആയെടുക്കുന്നത്) ഇവ 2 കഴഞ്ചു വീതവും ഞെരിഞ്ഞിൽ 4 കഴഞ്ചുമായി കഷായം, പാൽക്കഷായം, നെയ്യ് കാച്ചിയത് എന്നിങ്ങിനെ അവസ്ഥക്കു തക്കവണ്ണം സേവിക്കുക. മൂത്രസംബന്ധിയായ എല്ലാ രോഗങ്ങൾക്കും നല്ലതാകുന്നു.

**79. ഭദ്രദാർവാദി കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-സൂ.സ്ഥാ.-അ.15-ശോധനാദിഗണം-ശ്ലോ.5)*

**ഭദ്രദാരു നതം കുഷ്ഠം ദശമൂലം ബലാദ്വയം**
**വായും വീരതരാദിശ്ച വിദാര്യാദിശ്ച നാശയേത്**

ദേവതാരം, തകരം, കൊട്ടം, ദശമൂലം, കുറുന്തോട്ടിവേര്, ഊരകത്തിൻ വേര് (ആനക്കുറുന്തോട്ടിവേര്/ വെൺകുറുന്തോട്ടിവേര്)- ഈ ഭദ്രദാർവാദി ഗണം വായുവിനാശനമാകുന്നു. വീരതരാദിഗണവും വിദാര്യാദിഗണവും അപ്രകാരം തന്നെ.

സുഖസാധകം ആക്ഷേപകവാതചികിത്സയിൽ വിദാര്യാദിയും ഭദ്രദാർവാദിയും കഷായമായോ പാൽക്കഷായമായോ കൊടുക്കുവാൻ വിധിച്ചിട്ടുണ്ട്.

**80. ഭദ്രാദി കഷായം**

*(ചി.മഞ്ജ. വാതവ്യാധി-1)*

**ഭദ്രാവേരോരിലാ മൂവില ബലകൾ**
**കരിമ്പീർപ്പനക്കൂമ്പരത്താ-**
**തിക്താവേർ മുന്തിരിങ്ങാ മുളയില മധുകം**
**കൂവളം തേവതാരം**
**ഇത്യേഭിർവെന്തതിൻ നീർ പിബതു ഘൃതവുമായ്**
**വായുവൈഗുണ്യമെല്ലാം**
**നിർത്താം വീർപ്പും തഥാമരിയവില-**
**ക്കങ്ങൾ ഹിധ്മാ ച മാറും**

ചെറൂള, ഓരില, മൂവില, കുറുന്തോട്ടി, ഊരകം എന്നിവകളുടെ വേരുകൾ, കരിമ്പ്, ആനപ്പനക്കൂമ്പ്, ചുവന്നരത്ത, പുത്തരിച്ചുണ്ടവേര്, മുന്തിരിങ്ങ, മുളയില, ഇരട്ടിമധുരം, കൂവളവേര്, ദേവതാരം എന്നിങ്ങിനെ പറഞ്ഞ മരുന്നുകളെക്കൊണ്ട് കഷായം വെച്ച് യുക്തമായ നെയ്യു മേമ്പൊടിയിട്ട് സേവിക്കുക. ഇവകളെക്കൊണ്ട് നെയ്യുകാച്ചിയും ഉപയോഗിക്കാം. ശ്വാസരോഗത്തിലുണ്ടാകുന്ന വീർപ്പുമുട്ടൽ നേരെയാകും, വാരിപ്പുറങ്ങളിലും മറ്റും അനുഭവപ്പെടുന്ന വിലക്കവും എക്കിട്ടവും മാറും. വായുവിലോമമായ എല്ലാ അവസ്ഥകൾക്കും ഗുണം ചെയ്യും.

**ഇത്യേഭിർവെന്തനീരാപിബതു ഘൃതവുമാം**
**വായുവൈഷമ്യമൊക്കെ**
**തീർക്കാം വീർപ്പും തഥാനേർവരുമരിയവില-**
**ക്കഞ്ച ഹിധ്മാ ച മാറും**

എന്നും പാഠം

**81. ഭാർങ്ഗ്യാദികഷായം (ചെറുത്)**

*(സ.യോ.ജ്വരം-ചെറുത്)*

**ഭാർങ്ഗ്യബ്ദപർപ്പടകധാന്യയവാഷവിശ്വ-**
**ഭൂനിംബകുഷ്ഠകണസിംഹ്യമൃതാകഷായഃ**
**ജീർണ്ണജ്വരം സതതസന്തതകം നിഹന്യാ-**
**ദന്യേദ്യുഗം സഹ തൃതീയചതുർത്ഥകാഭ്യാം**

ചെറുതേക്കിൻവേര് മുത്തങ്ങ പർപ്പടകപ്പുല്ല് കൊത്തമ്പാലരി കൊടിത്തൂവവേര് ചുക്ക് പുത്തരിച്ചുണ്ടവേര് കൊട്ടം തിപ്പലി ചെറുവഴുതിനവേര് ചിറ്റമൃത് എന്നിവ കഷായം വെച്ചു സേവിക്കുക. ജീർണ്ണജ്വരം ശമിക്കും. സതതകം സന്തതകം അന്യേദ്യുഗം തൃതീയകം ചതുർത്ഥകം എന്നീ ജ്വരവിശേഷങ്ങൾക്കും നന്ന്.

**82. ഭാർങ്ഗ്യാദികഷായം (വലുത്)**

*(സ..യോ.ജ്വരം-വലുത്)*

**ഭാർങ്ഗീം പുഷ്കരമൂലം ച രാസ്നാം വില്വം യവാനികാം**
**നാഗരം ദശമൂലം ച പിപ്പലീം ചാപ്സു സാധയേൽ**
**സന്നിപാതജ്വരെ ദേയം ഹൃൽപാർശ്വാനാഹശൂലിനാം**
**കാസശ്വാസാഗ്നിമന്ദത്വം തന്ദ്രീം ച വിനിവർത്തയേൽ**

ചെറുതേക്കിൻവേര്, പുഷ്ക്കരമൂലം, ചുവന്നരത്ത, കൂവളവേര്, ജീരകം, ചുക്ക്, ദശമൂലം പത്ത്, തിപ്പലി എന്നിവയുടെ കഷായം സന്നിപാതജ്വരത്തിൽ ഹൃദയം, വാരിപ്പുറങ്ങൾ എന്നിവിടങ്ങളിൽ വേദനകളിലും ആനാഹം മൂലമുള്ള വേദനകളിലും നൽകാവുന്നതാണ്. സന്നിപാതജ്വരാനുബന്ധികളായ കാസം, ശ്വാസം, ദഹനക്കുറവ്, തന്ദ്ര എന്നിവയേയും ഇക്കഷായപാനം കൊണ്ട് ശമിപ്പിക്കാവുന്നതാണ്.

**83. മഞ്ജിഷ്ഠാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.വാതരക്തം)*

**മഞ്ജിഷ്ഠാത്രിഫലാതിക്താവചാദാരുനിശാമൃതാ**
**നിംബശ്ചൈഷാം കൃതഃ ക്വാഥോ വാതരക്തവിനാശനഃ**
**പാമാകാപാലികാകുഷ്ഠരക്തമണ്ഡലജിന്മതഃ**

മഞ്ചട്ടി, ത്രിഫലത്തോട്, പുത്തരിച്ചുണ്ടവേര്, വയമ്പ്, ദേവതാരം, വരട്ടുമഞ്ഞൾ, വേപ്പിൻതൊലി ഇവകളാൽ തയ്യാറാക്കിയ കഷായം വാതരക്തത്തെ ഇല്ലാതാക്കും. ചൊറിച്ചിൽ, കാപാലികമെന്ന കുഷ്ഠം, വട്ടത്തിൽ തിണർത്തു പൊങ്ങുക എന്നിവയിലും ഗുണത്തെ പ്രദാനം ചെയ്യും.

**84. മുസ്താകരഞ്ജാദികഷായം**

*(സ.യോ.അതിസാരം)*

**മുസ്താകരഞ്ജാതിവിഷാഗ്നിവില്വ-**
**മഹൗഷധഗ്രന്ഥികവത്സകാനാം**
**ക്വാഥോരുണദ്ധ്യാമമഥോനിരാമം**
**പ്രവൃദ്ധശൂലന്ത്വതിസാരമുഗ്രം**

മുത്തങ്ങ, ഉങ്ങിൻതൊലി, അതിവിടയം, കൊടുവേലിക്കിഴങ്ങ്, കൂവളവേര്, ചുക്ക്, കാട്ടുതിപ്പലിവേര്, കുടകപ്പാലയരി എന്നിവയാലുള്ള കഷായം സേവിച്ചാൽ അതിയായ വേദനോടുകൂടിയ അതിസാരം അത് ആമമോ നിരാമമോ ആകട്ടെ പെട്ടെന്നുതന്നെ ശമിക്കും.

**85. മഹാതിക്തകം കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി.സ്ഥാ.-അ.19-കുഷ്ഠചികിത്സാ-ശ്ലോ.8-11)*

**സപ്തച്ഛദഃ പർപ്പടകഃ ശമ്യാകഃ കടുകാ വചാ**
**ത്രിഫലാ പദ്മകം പാഠാ രജന്യൗ ശാരിബേ കണേ**
**നിംബചന്ദനയഷ്ട്യാഹ്വവിശാലേന്ദ്രയവാ/മൃതാഃ**
**കിരാതതിക്തകം സേവ്യം വൃഷോ മൂർവാ ശതാവരീ**
**പടോലാ/തിവിഷാമുസ്താത്രായന്തീധന്വയാഷകം**
**തൈർജ്ജലേ/ഷ്ടഗുണേ സർപ്പിർദ്വിഗുണാമലകീരസേ**
**സിദ്ധം തിക്താന്മഹാതിക്തം ഗുണൈരഭ്യധികം മതം**

ഇതും ഒരു ഘൃതയോഗം തന്നെ. ഏഴിലംപാലവേരിലെ തൊലി, പർപ്പടകപ്പുല്ല്, കൊത്തത്തൊലി, കടുരോഹിണി, വയമ്പ്, ത്രിഫലത്തോട്, പതിമുകം, പാടക്കിഴങ്ങ്, വരട്ടുമഞ്ഞളും മരമഞ്ഞൾത്തൊലിയും, നറുനീണ്ടിക്കിഴങ്ങും പാൽ(ർ)വള്ളിക്കിഴങ്ങും, തിപ്പലിയും അത്തിത്തിപ്പലിയും, വേപ്പിൻതോല്, ചന്ദനം, ഇരട്ടിമധുരം കാട്ടുവെള്ളരിവേര്, കുടകപ്പാലയരി, അമൃത്, പുത്തരിച്ചുണ്ടവേര്, രാമച്ചം, ആടലോടകവേര്, പെരുങ്കുരുമ്പവേര്, ശതാവരിക്കിഴങ്ങ്, പടവലത്തണ്ട്, അതിവിടയം, മുത്തങ്ങ, ബ്രഹ്മി, കൊടത്തൂവവേര് ഇവ കഷായം വെച്ചു സേവിക്കുക. തിക്തകം കഷായം സേവിച്ചാലുണ്ടാകുന്ന ഫലങ്ങൾ തന്നെ അതിനേക്കാൾ അധികമായി ലഭിക്കും.

**86. മഹാമഞ്ജിഷ്ഠാദികഷായം (വി.ഒ.എസ്.)**

*(സ. യോ. വാതരക്തം, ശാർങധരസംഹിത)*

**മഞ്ജിഷ്ഠാമുസ്തകകുടജഗുളൂചീകുഷ്ഠനാഗരൈഃ**
**ഭാർങ്ഗീക്ഷുദ്രാവചാനിംബാനിശാദ്വയഫലത്രികൈഃ**
**പടോലകടുകാമൂർവാവിഡംഗാസനചിത്രകൈഃ**
**ശതാവരീത്രായമാണാകൃഷ്ണേന്ദ്രയവവാശകൈഃ**
**ഭൃംഗരാജമഹാദാരുപാഠാഖദിരചന്ദനൈഃ**
**ത്രിവൃദ്വരണകൈരാതബാകുചീകൃതമാലകൈഃ**
**ശാഖോടകമഹാനിംബകരഞ്ജാതിവിഷാജലൈഃ**
**ഇന്ദ്രവാരുണികാനന്താശാരിബാപർപടൈഃ സമൈഃ**
**ഏഭിഃ കൃതം പിബേൽ ക്വാഥം കണാഗുഗ്ഗുലുസംയുതം**
**അഷ്ടാദശാസു കുഷ്ഠേഷു വാതരക്താർദ്ദിതേ തഥാ**

**ഉപദംശേ ശ്ളീപദേ ച പ്രസുപ്തൗ പക്ഷഘാതകേ**
**മേദോദോഷേ നേത്രരോഗേ മഞ്ജിഷ്ഠാദി പ്രശസ്യതേ**

മഞ്ചട്ടി, മുത്തങ്ങ, കുടകപ്പാലയരി ,അമൃത്, വെള്ളക്കൊട്ടം, ചുക്ക്, ചെറുതേക്ക്, കണ്ടകാരിച്ചുണ്ടവേര്, വയമ്പ്, വേപ്പിൻ തൊലി, മഞ്ഞൾ, മരമഞ്ഞൾത്തൊലി, ത്രിഫലത്തോട്, പടവലം, കടുകുരോഹിണി, പെരുങ്കുരുമ്പവേര്, വിഴാലരി, വേങ്ങക്കാതൽ, കൊടുവേലിക്കിഴങ്ങ്, ശതാവരിക്കിഴങ്ങ്, ബ്രഹ്മി, തിപ്പലി, കുടകപ്പാലവേരിലെത്തൊലി, ആടലോടകവേര്, കയ്യോന്നി, പെരുമരത്തൊലി, പാടക്കിഴങ്ങ്, കരിങ്ങാലിക്കാതൽ, ചന്ദനം, ത്രികോൽപ്പക്കൊന്ന, നീർമാതളത്തൊലി ,പുത്തരിച്ചുണ്ടവേര്, കാർകോകിലരി, കൊന്നത്തൊലി, മുരുക്കിൻതൊലി, ആര്യവേപ്പിൻതൊലി, ഉങ്ങിൻതൊലി, അതിവിടയം, ഇരുവേലി, കാട്ടുവെള്ളരിവേര്, കൊടിത്തൂവവേര് , നറുനീണ്ടിക്കിഴങ്ങ്, പർപ്പടകപ്പുല്ല് ഇവയെല്ലാം സമം കൊണ്ട് കഷായം വെച്ച് സേവിക്കുക. തിപ്പലിപ്പൊടിയും ഗുഗ്ഗുലുവും മേമ്പൊടി കൊള്ളണം. പതിനെട്ടുവിധത്തലുള്ള കുഷ്ഠങ്ങൾക്കും നന്ന്. വാതരക്തത്തിലും അർദ്ദിതത്തിലും ഈ കഷായം നൽകാം. ലിംഗരോഗങ്ങൽ മന്ത് നേത്രരോഗം എന്നിവയിലും ഈ മഞ്ജിഷ്ഠാദിയോഗം തികച്ചും ഗുണപ്രദമാണ്.

ഭൈഷജ്യരത്നാവലിയിൽ ശ്ലോകം വേറെ ആണ് കൈശോരഗുൽഗുലുവിന്റെ അനുപാനം ഈ മഞ്ജിഷ്ഠാദിയാണ്. 45 കൂട്ടം മരുന്ന്.

**87. മഹാരാസ്നാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-വാതം)*

**രാസ്നാദ്വിഗ്ഗുണഭാഗാസ്യാദേകഭാഗാസ്തഥാ/പരേ**
**ധന്വയാഷബലൈരണ്ഡദേവദാരുശഠീവചാ**
**വാശകോ നാഗരം പത്ഥ്യാ ചവ്യാ മുസ്താ പുനർന്നവാ**
**ഗുഡൂചീവൃദ്ധദാരുശ്ച ശതപുഷ്പാ ച ഗോക്ഷുരഃ**
**അശ്വഗന്ധാ പ്രതിവിഷാ കൃതാമലശ്ശതാവരീ**
**കൃഷ്ണാ സഹചരശ്ചൈവ ധാന്യകം ബൃഹതീദ്വയം**
**ഏഭിഃ കൃതം പിബേത് ക്വാഥം ശുണ്ഠീചൂർണേന സംയുതം**
**കൃഷ്ണാചൂർണേന വാ യോഗരാജഗുഗ്ഗുലുനാഥവാ**
**അജമോദാദിനാ ചാപി തൈലേനൈരണ്ഡജേന വാ**
**സർവാംഗകമ്പേ കുബ്ജത്വേ പക്ഷാഘാതേ/പബാഹുകേ**
**ഗൃദ്ധ്രസ്യാമാമവാതേ ച ശ്ളീപദേ ചാപതാനകേ**
**ആന്ത്രവൃദ്ധൗ തഥാദ്ധ്മാനേ ജംഘാജാനുഗദേ/ർദ്ദിതേ**
**ശുക്ളാമയേ മേഢ്രരോഗേ വന്ധ്യായോന്യാമയേഷു ച**
**മഹാരാസ്നാദിരാഖ്യാതോ ബൃംഹണോ ഗർഭധാരണേ**

അരത്ത, കൊടിത്തൂവവേര്, കുറുന്തോട്ടിവേര്, വെളുത്താവണക്കിൻവേര്, ദേവതാരം, കച്ചൂരിക്കിഴങ്ങ്, വയമ്പ്, ആടലോടകവേര്, ചുക്ക്, കടുക്കാത്തോട്, കാട്ടുമുളകിൻവേര്, മുത്തങ്ങാക്കിഴങ്ങ്, തവിഴാമവേര്, ചിറ്റമൃത്, മറിക്കുന്നിവേര്, ചതകുപ്പ, ഞെരിഞ്ഞിൽ, അമുക്കുരം, അതിവിടയം, കൊന്നത്തൊലി, ശതാവരിക്കിഴങ്ങ്, തിപ്പലി, കരിംകുറുഞ്ഞിവേര്, കൊത്തമ്പാലരി, ചെറുവഴുതിനവേര്, വൾവഴുതിനവേര്- ഇവയിൽ അരത്ത രണ്ടുഭാഗവും മറ്റുള്ളവ ഓരോ ഭാഗവുമായി കഷായം സേവിക്കുക. ചുക്കോ തിപ്പലിയോ മേമ്പൊടിചേർക്കാം. യോഗരാജഗുല്ഗ്ഗുലുവും അജമോദാദിചൂർണ്ണവും മേമ്പൊടി ചേർക്കാം. യുക്ത്യാനുസാരേണ ആവണക്കെണ്ണയുമാവാം.

സർവാംഗകമ്പം, കൂന്, പക്ഷാക്ഷാതം, അപബാഹുകം, ഗൃദ്ധ്രസി, ആമവാതം, മന്ത്, അപതാനകം, ആന്ത്രവൃദ്ധി, ആദ്ധ്മാനം, തുടയ്ക്കും കാൽമുട്ടിനുമുണ്ടാകുന്ന വിഷമങ്ങൾ, അർദ്ദിതം, ശുക്ളദോഷം, മേഢ്രരോഗം, വന്ധ്യാത്വം, യോനിരോഗം എന്നിവയ്ക്കെല്ലാം ഗുണപ്രദമായ മഹാരാസ്നാദി എന്ന ഈ യോഗം ബൃംഹണും ഗർഭധാരണത്തിന് പ്രശസ്തവുമാണ്.

**88. മുസലീഖദിരാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-അസൃഗ്ദരം)*

**മുസലീഖദിരാമലകത്രികണ്ടജംബൂവരീക്വാഥഃ**
**സാസ്ഥിസ്രാവം പ്രദരം പ്രമാഷ്ടി മധുമാൻ പ്രഗേ പീതഃ**

നിലപ്പനക്കിഴങ്ങ്, കരിങ്ങാലിക്കാതൽ, നെല്ലിക്കത്തോട്, ഞെരിഞ്ഞിൽ, ഞാവൽത്തൊലി,

ശതാവരിക്കിഴങ്ങ് ഇവയുടെ കഷായം ആറിയാൽ തേനും ചേർത്ത് രാവിലെ കഴിക്കുക. സ്ത്രീകളുടെ അസ്ഥിസ്രാവവും രക്തസ്രാവവും നിൽക്കും.

വൈദ്യരത്നം ഔഷധശാല

**89. മൃദ്വീകാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-മദാത്യയം)*

**മൃദ്വീകാമധുകമധൂകപിപ്പലീഭിഃ**
**ഖർജ്ജൂരൈർമലയജശാരിബാബ്ദലാജൈഃ**
**സോശീരൈശ്ശൃതമഥവാ സുശീതമംഭ-**
**സ്തൃണ്മൂർച്ഛാമതിവിഭ്രമാന്നിരസ്യേത്**

മുന്തിരിങ്ങാപ്പഴം, ഇരട്ടിമധുരം, ഇലിപ്പക്കാതൽ, തിപ്പലി, ഈന്തപ്പഴം, ചന്ദനം, നറുനീണ്ടിക്കിഴങ്ങ്, മുത്തങ്ങ, മലര്, രാമച്ചം ഇവ കഷായം വെച്ച് നല്ലപോലെ തണുത്തശേഷം കഴിക്കുക. വെള്ളം ദാഹം, മോഹാലസ്യം, ബുദ്ധിഭ്രമം ഇവയിൽ നിന്നും മോചനം ലഭിക്കും.

സുഖസാധകത്തിൽ സന്നിപാതചികിത്സയിൽ പിത്താധികമായ അവസ്ഥകളിൽ -ദാഹാദികേ തു ദ്രാക്ഷാദ്യം മൃദ്വീകാദ്യം ച ശീതളം- എന്നിങ്ങിനെ നിർദ്ദേശിച്ചിരിക്കുന്നു.

**90. രസോനാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-വാതം)*

**രസോനകാരവീകൃഷ്ണാസ്ഥിരാഭിഃ സാധിതം ജലം**
**പീതമുന്മാർഗ്ഗഗം വാതമനുലോമയതി ക്ഷണാത്**

വെളുത്തുള്ളി, കരിംജീരകം, തിപ്പലി, ഓരിലവേര്- ഈ കഷായം മേല്പോട്ടു ഗതിയായി നില്ക്കുന്ന വാതത്തെ ക്ഷണത്തിൽ അനുലോമിപ്പിക്കും.

**91. രാസ്നാതാമലക്യാദികഷായം**

*(സ.യോ.വാതത്തിന്)*

**രാസ്നാതാമലകീവൃഷാഗരുശഠീ-**
**ചിത്രാബ്ദചവ്യശ്മഭിർ-**
**ധാത്രീഭാർങ്ഗിപടോലപുഷ്കരനിശാ-**
**സൈരീയവിശ്വാഗ്നിഭിഃ**
**നിഷ്ക്വാഥോ ദശമൂലദാരുസഹിതഃ**
**പീതഃ കദുഷ്ണോ നൃണാം**
**ഹന്യാൽ സൈന്ധവഖണ്ഡശൗണ്ഡിസഹിതോ**
**വാതം ത്രിദോഷോത്തരം**

ചുവന്നരത്ത, കീഴാർനെല്ലിവേര്, ആടലോടകവേര്, അകിൽ, കച്ചൂരിക്കിഴങ്ങ്, ആവണക്കിൻവേര്, മുത്തങ്ങ, കാട്ടുമുളകിൻവേര്, കല്ലൂർവഞ്ചിവേര്, നെല്ലിക്ക, ചെറുതേക്കിൻവേര്, പടവലം, പുഷ്ക്കരമൂലം, വരട്ടുമഞ്ഞൾ, കരിങ്കുറിഞ്ഞിവേര്, ചുക്ക്, കൊടുവേലി, ദശമൂലം പത്ത്, ദേവതാരം ഇവകൊണ്ടുള്ള കഷായം ഇന്തുപ്പും തിപ്പിലിയും മേമ്പൊടി ചേർത്ത് കഴിക്കുക. ത്രിദോഷജമായ വാതരോഗങ്ങൾ ശമിക്കും.

ആരോഗ്യരക്ഷാകല്പദ്രുമം വാതവ്യാധിയിൽ -രാസ്നാതാമലകീചവ്യവാശാ...എന്ന അതേ കഷായം തന്നെയാണിതും. സിന്ധൂത്ഥകൃഷ്ണാരേണുഭ്യാം എന്ന് ഇന്തുപ്പും തിപ്പലിയുമാണ് ഇവിടെ മേമ്പൊടി വിധിച്ചിരിക്കുത്.

**92. രാസ്നാദി കഷായം (വി.ഒ.എസ്.)**

*(സ.യോ.-വാതം-രാസ്നൈരണ്ഡാദികഷായം)*

**രാസ്നൈരണ്ഡബലാസഹാചരവരീ-**
**ദുസ്പർശവാശാമൃതാ**
**ദേവാഹ്വാ/തിവിഷാ ഘനേക്ഷുരശഠീ-**
**വിശ്വൈഃ കഷായഃ ശൃതഃ**
**സർപിസ്തൈലവിമിശ്രിതഃ പ്രശമയേ-**
**ദ്വായും സശൂലം തഥാ**
**ജംഘോരുത്രികപൃഷ്ഠപാർശ്വഹനുഗം**
**ശോഫഞ്ച വാതാസൃജം**

ചുവന്നരത്ത, വെളുത്താവണക്കിൻവേര്, കുറുന്തോട്ടിവേര്, കരിംകുറിഞ്ഞിവേര്, ശതാവരിക്കിഴങ്ങ്, കൊടിത്തൂവവേര്, ആടലോടകവേര്, ചിറ്റമൃത്, ദേവതാരം, അതിവിടയം, മുത്തങ്ങ, വയൽച്ചുള്ളിവേര്,

കച്ചൂരിക്കിഴങ്ങ്, ചുക്ക് ഇവകൊണ്ടുണ്ടാക്കുന്ന കഷായം നെയ്യും എണ്ണയും ചേർത്തു സേവിക്കുക.

**93.രാസ്നാപഞ്ചകം (വി.ഒ.എസ്.)**

(സ.യോ.വാതരക്തം)

**രാസ്നാം ഗുളൂചീമേരണ്ഡം ദേവദാരു മഹൌഷധം**
**പിബേൽ സർവ്വാംഗഗേ വാതേ സാമേ സന്ധ്യസ്ഥിമജ്ജഗേ**

ചുവന്നരത്ത, ചിറ്റമൃത്, ആവണക്കിൻവേര്, ദേവതാരം, ചുക്ക് എന്നിവയുടെ കഷായം സന്ധികൾ അസ്ഥി എന്നിവയെ ആശ്രയിച്ചിരിക്കുന്നതും ആമാവസ്ഥയിലുള്ളതുമായ വാതരോഗത്തിൽ സേവിക്കേണ്ടതാണ്.

**94. രാസ്നാസപ്തകം കഷായം (വി.ഒ.എസ്.)**

(സ.യോ.-വാതം)

**രാസ്നാമൃതാരഗ്വധദേവദാരു-**
**ത്രികണ്ടകൈരണ്ഡപുനർന്നവാനാം**
**ക്വാഥം പിബേന്നാഗരചൂർണ്ണമിശ്രം**
**ജംഘോരുപൃഷ്ഠത്രികപാർശ്വശൂലീ**

അരത്ത, ചിറ്റമൃത്, കൊന്നത്തൊലി, ദേവതാരം, ഞെരിഞ്ഞിൽ, വെളുത്താവണക്കിൻവേര്, തവിഴാമവേര് ഇവ കൊണ്ടുള്ളകഷായം ചുക്ക് മേപ്പൊടി ചേർത്തു സേവിക്കുക.

**95. രാസ്നാശുണ്ഠ്യാദികഷായം**

(സ.യോ.ജ്വരം)

**രാസ്നാശുണ്ഠീഗുളൂചീസഹചരജലദാഭീരുപഥ്യാശതാഹ്വൈഃ**
**തിക്താകച്ചൂരവാശാനിലരിപുസഹിതൈഃ പഞ്ചമൂലീദ്വയേന**
**ഏഭിർദ്രവ്യൈഃ കഷായസ്ത്വരിതമപഹരേൽ പീതമാത്രപ്രഭാവാൽ**
**മന്യാസ്തംഭാന്ത്രവൃദ്ധിജ്വരപിടകകടീസന്ധിസർവ്വാംഗപീഡാഃ**

ചുവന്നരത്ത, ചുക്ക്, അമൃത്, കരിങ്കുറിഞ്ഞിവേര്, മുത്തങ്ങ, ശതാവരിക്കിഴങ്ങ്, കടുക്കത്തൊണ്ട്, ചതകുപ്പ, കടുകുരോഹിണി, കച്ചൂരിക്കിഴങ്ങ്, ആടലോടകവേര്, അനിലരിപൂ എന്നിങ്ങിനെ പന്ത്രണ്ടു കൂട്ടം മരുന്നുകൾ സമമായി കഷായം സേവിക്കു. മന്യാസ്തംഭം വൃദ്ധി പനി പിടകകൾ എന്നിവയും പനിയോടനുബന്ധിച്ച സന്ധിവേദനകൾ സർവ്വാംഗം വേദനകൾ എന്നിവയും വളരെ വേഗം തന്നെ ശമിക്കും

അനിലരിപുവിന് വാതംകൊല്ലിവേര് എന്ന് സുജനപ്രിയയും വാതം പറത്തി എന്ന് വൈദ്യപ്രിയയും പറയുന്നു ആവണക്കിൻവേര് ചേർക്കുന്നത് യുക്തം.(ശതാവരീ നല്ല കടുക്കമുസ്താ-കഷായം നോക്കുക)

**96. ലശുനൈരണ്ഡാദി കഷായം (വി.ഒ.എസ്.)**

(സ.യോ.-വൃദ്ധി)

**ലശുനൈരണ്ഡയക്ഷാക്ഷിവർഷാഭൂഹപുഷൌഷധൈഃ**
**ക്വഥിതം ഹിംഗുമദ്വൃദ്ധിഗുന്മാനാഹോദരാപഹം**

വെളുത്തുള്ളി, വെളുത്താവണക്കിൻ വേര്, കഴറ്റിവേര്, തവിഴാമവേര്, അടയ്ക്കാമണിയൻ വേര്, ചുക്ക് ഇക്കഷായം കായം (പൊരിച്ചു പൊടിക്കണം) മേപ്പൊടിചേർത്തു സേവിച്ചാൽ വൃദ്ധിരോഗം, ഗുന്മം, വയറുവീർപ്പ്, ഉദരരോഗം ഇവ ശമിക്കും.

**97. ലോധ്രസേവ്യാദികഷായം**

(അ.ഹൃ.ഉ.സ്ഥാ. അ.37 കീടലൂതാദിവിഷപ്രതിഷേധം-86)

**ലോധ്രം സേവ്യം പത്മകം പത്മരേണും**
**കാലീയാഖ്യം ചന്ദനം യച്ചരക്തം**
**കാന്താപുഷ്പം ദുഗ്ദ്ധനീകാ മൃണാളം**
**ലൂതാസ്സർവ്വാ ഘ്നന്തി സർവ്വക്രിയാഭിഃ**

പാച്ചോറ്റിത്തൊലി, രാമച്ചം, പതിമുകം, താമരയല്ലി, ചന്ദനം, രക്തചന്ദനം, ഞാഴൽപ്പൂവ്, പേച്ചൂരവള്ളി, താമരവളയം ഇവ കൊണ്ട് കഷായം വെച്ച് സേവിക്കുക. ലേപനാദികൾക്കും ഉപയോഗിക്കുക. പഴുതാര മുതലായ കീടങ്ങളുടേയും ചിലന്തിമുതലായവയുടേയും വിഷത്തിന് ഫലപ്രദം.

**98. ലോധ്രാദി കഷായം (വി.ഒ.എസ്.)**

(അ.ഹൃ.-സൂ.സ്ഥാ.-അ.15-ശോധനാദിഗണം-ശ്ലോ.26-27)

**ലോധ്രശാബരകരോധ്രപലാശാ-**
**ഝിംഝിണീസരളകട്ഫലയുക്താഃ**
**കുത്സിതാംബകദളീഗതശോകാഃ**
**സൈലവാലുപരിപേലവമോചാഃ**
**ഏഷ രോധ്രാദികോ നാമ മേദഃകഫഹരോ ഗണഃ**
**യോനിദോഷഹരഃ സ്തംഭീ വർണ്യോ വിഷവിനാശനഃ**

പാച്ചോറ്റിത്തൊലി, വെട്ടിത്തൊലി, പ്ളാശിൻതൊലി, കരശിൻതൊലി, ചരളം, കുമിഴിൻവേര്, ചുവന്നരത്ത, കൊട്ടം, കദളിവാഴക്കിഴങ്ങ്, അശോകത്തൊലി, ഏലാവാലുകം, മുത്തങ്ങ, ഇലവിൻതൊലി ഇവകളെ ലോധ്രാദിഗണം എന്നു പറയുന്നു. ഈ ഔഷധയോഗം മേദസ്സുകൊണ്ടും കഫം കൊണ്ടുമുണ്ടാകുന്ന വൈഷമ്യങ്ങളെ തീർക്കുന്നു. യോനിരോഗങ്ങൾക്കും ഹിതമാണ്. സ്തംഭനഗുണത്തോടുകൂടിയ ഈ യോഗം നിറത്തെ ഉണ്ടാക്കുന്നതും വിഷഹരവുമാണ്.

(രുണദ്ധി മേദഃകഫാദീൻ രോഗാനിതി രോധ്രഃ-മേദകഫാത്മകങ്ങളായ രോഗങ്ങളെ രുണദ്ധി-തടയുന്നു എന്നതുകൊണ്ട് രോധ്രം എന്ന പേര്)

**99. വജ്രകംകഷായം**

*(സ.യോ.കുഷ്ഠം)*

**പടോലത്രിഫലാരിഷ്ടഗുളൂചീധാവനീവൃഷൈഃ**
**സകരഞ്ജൈഃ കഷായോ/യം കുഷ്ഠജിൽ വജ്രകം സ്മൃതം**

പടവലം, ത്രിഫല, വേപ്പിൻതൊലി, ചിറ്റമൃത്, ചെറുവഴുതിനവേര്, ആടലോടകവേര്, ഉങ്ങിൻതൊലി

ഇവയെല്ലാം സമം കഷായം. കുഷ്ഠരോഗാന്തകമായ ഈ കഷായത്തിന് വജ്രകം എന്നാണ് നാമം.

**100. വത്സകാദികഷായം**

*ശാർങ്ഗധരം-മധ്യമഖണ്ഡം-ക്വാഥവിധി*

**വത്സകാതിവിഷാവില്വമുസ്തവാളകജഃ ശൃതഃ**
**അതീസാരം ജയേൽസാമം ചിരജം രക്തശൂലജിൽ**

കുടകപ്പാലയരി, അതിവിടയം, കൂവളവേര്, മുത്തങ്ങ, ഇരുവേലി എന്നിവ കഷായം വെച്ചു സേവിക്കുക. ആമത്തോടുകൂടിയതും ചിരകാലാനുബന്ധിയായതും ആയ അതിസാരം ശമിക്കും. രക്താതിസാരത്തിനും അതിസാരത്തിലെ വേദനാവിശേഷങ്ങൾക്കും ഇക്കഷായം നല്ലതാകുന്നു.

**101. വരാദികഷായം**

*(സ.യോ.സ്ഥൗല്യം)*

**വരാസനാഗ്ന്യയഃപത്രനിശാക്വാഥോ മധുപ്ലുതഃ**
**ദ്വിരദസ്ഥൂലദേഹോ/പി പിബൻ മാസാൽ കൃശോ ഭവേൽ**

ത്രിഫല, വേങ്ങാക്കാതൽ, കൊടുവേലി, ഇരുമ്പിൻതകിട്, വരട്ടുമഞ്ഞൾ ഇവയുടെ കഷായത്തിൽ തേൻ മേമ്പൊടി ചേർത്ത് ഒരുമാസം തുടർച്ചയായി സേവിച്ചാൽ ആനയെപ്പോലെ തടിച്ചവനും മെലിയും.

**102. വരണാദി കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-സൂ.സ്ഥാ.-അ.15-ശോധനാദിഗണം-ശ്ലോ.21-22)*

**വരുണസൈര്യകയുഗ്മശതാവരീ-**
**ദഹനമോരടവില്വവിഷാണികാഃ**
**ദ്വിബൃഹതീദ്വികരഞ്ജജയാദ്വയം**
**ബഹളപല്ലവദർഭരുജാകരാഃ**
**വരുണാദിഃ കഫം മേദോ മന്ദാഗ്നിത്വം നിയച്ഛതി**
**ആഢ്യവാതം ശിരഃശൂലം ഗുല്മം ചാന്തഃ സവിദ്രധിം**

നീർമാതളത്തിൻ വേര്, കരിങ്കുറുഞ്ഞിവേര്, വെൺകുറുഞ്ഞിവേര്, ശതാവരിക്കിഴങ്ങ്, കൊടുവേലിക്കിഴങ്ങ്, പെരുങ്കുരുമ്പവേര്, കൂവളവേര്, ആട്ടുകൊട്ടാപ്പാലവേര്, ചെറുവഴുതിനവേര്, വെൾവഴുതിനവേര് ഉങ്ങിൻതൊലി, ആവിൽത്തൊലി, കടുക്കത്തോട്, മുഞ്ഞവേര്, മുരിങ്ങവേരിന്മേൽ തൊലി, ദർഭവേര്, ചേർക്കുരു (ശുദ്ധി). ഇവ സമം കഷായം. കഫദോഷം മേദോഷം, അഗ്നിമാന്ദ്യം എന്നിവയെ ഇല്ലാതാക്കും. വാതരക്തം, തലവേദന, ഗുല്മം, അന്തർവിദ്രധി എന്നിവകളിലും ഫലം ചെയ്യും.

**103. വലിയ ഇരട്ടികഷായം**

വൈദ്യരത്നം ഔഷധശാല

**ത്രികടു ത്രിഫലാ ത്രിജാതഭാർങ്ഗീ**
**ഘനനടുകാദശമൂലകാസഹര്യഃ**
**നറുനീണ്ടിനിലമ്പരണ്ടചുണ്ടാ**
**വൃഷവത്സാദനിപഞ്ചകോലവര്യഃ**
**അവണക്കു മുതക്കു വൃശ്ചികാളീ**
**ബലരണ്ടും ചുരതണ്ടുസൂപ്യപർണ്യഃ**
**കിരിയാത്തയരത്തയഷ്ടിജാതീ**
**ഫലപത്രപ്രസവാളിശക്രവല്യഃ**
**കരിമ്പനക്കൂമ്പുകരിമ്പുധാന്യം**
**വയമ്പുനല്ലോരുമുള്ളേടെകൂമ്പും**
**കൂശ്മാണ്ഡതണ്ടും പടരുന്ന ചുണ്ട**
**പഴുത്തഞെട്ടും പനസച്ഛദാനാം**
**ശതാഹ്വദേവാഹ്വകരിങ്കുറിഞ്ഞീ-**
**യനന്തദൂർവ്വാ കൊടിയാവണക്കും**
**ദ്വിദീപ്യജീവന്തിപുനർന്നവാംബു**
**ദ്വിജീരകാശാളി നതം സജോംഗം**
**അഗ്രഗ്രാഹീ പർപ്പടം നൽപടോലം**
**മുക്കാപ്പീരം ചന്ദനം സിന്ദുവാരം**
**വിഷ്ണുക്രാന്തീനാഗവീരാത്മഗുപ്താ**
**ചീനത്തുള്ളോരൂഷണം രോഹിണീ ച**
**ചതുരശീതിമിതാഭിരൗഷധീഭിഃ**
**പുഴുകസ്തൂരിവിമിശ്രിതം ഹി തോയം**
**ഹരതി വാതകഫാത്മകാമയൗഘാൻ**
**കടുതായുള്ളൊരു സന്നിപാതജൂർത്തിം**

ചുക്ക്, കുരുമുളക്, തിപ്പലി, കടുക്കാത്തോട്, നെല്ലിക്കാത്തോട്, താന്നിക്കാത്തോട്, ഏലത്തരി, ഇലവർങ്ഗം, പച്ചില, ചെറുതേക്കിൻ വേര്, മുത്തങ്ങ, കാട്ടുമുല്ലവേര്, കുമിഴ്, കൂവളം, പാതിരി, പലകപ്പയ്യാനി, മുഞ്ഞവേര്, ഓരില, മൂവില, ചെറുവഴുതിന, വെൾവഴുതിന(ചെറൂള), ഞെരിഞ്ഞിൽ, പൊന്നാവീരം, നറുനൂണ്ടിക്കിഴങ്ങ്, നിലമ്പരണ്ട, പുത്തരിച്ചുണ്ടവേര്, ആടലോടകവേര്, ചിറ്റമൃത്, തിപ്പലി, കാട്ടുതിപ്പലിവേര്, കാട്ടുമുളകിൻവേര്, കൊടുവേലിക്കിഴങ്ങ്, ചുക്ക്, ശതാവരിക്കിഴങ്ങ്, ആവണക്കിൻവേര്, പാൽമുതക്കിൻകിഴങ്ങ്, തേക്കടവേര്, കുറുന്തോട്ടിവേര്, ഊരകവേര്, ചുരത്തണ്ട്, കാട്ടുഴുന്നിൻവേര്, കാട്ടുപയറ്റിൻവേര്, കിരിയാത്ത, ചുവന്നരത്ത, എരട്ടിമധുരം, ജാതിക്ക, പിച്ചകത്തില, പിച്ചകമൊട്ട്, കഞ്ഞുണ്ണി, ഉഴിഞ്ഞ, കരിമ്പനക്കൂമ്പ്, കരിമ്പ്, കൊത്തംപാലരി, വയമ്പ്, ഇല്ലിക്കൂമ്പ്, പടർച്ചുണ്ടവേര്, പഴുക്കപ്ളാവിലഞെട്ടി, ചതകുപ്പ, ദേവതാരം, കരിങ്കുറുഞ്ഞിവേര്, കൊടിത്തൂവവേര്, കറുക, കൊടിയാവണക്കിൻവേര്, അയമോദകം, കരിഞ്ചീരകം, അടപതിയൻകിഴങ്ങ്, തവിഴാമവേര്, ഇരുവേലിവേര്, ജീരകം, പെരുംജീരകം, ആശാളി, തകരം, അകില് അക്കിക്കറുക, പർപ്പടകപ്പുല്ല്, പടവലം, മുക്കാപ്പീരം, ചന്ദനം, കരിനൊച്ചിവേര്, വഷ്ണുക്രാന്തി, നാഗപ്പൂവ്, കോവക്കിഴങ്ങ്, നായ്ക്കുരണവേര്, വാൽമുളക് കടുകുരോഹിണി. ആകെ എൺപത്തിയാറുകൂട്ടം. ഇവ സമം കഷായം. സന്നിപാത്തിൽ കൈകണ്ട ഔഷധം. വാതകഫജങ്ങളായുള്ള എല്ലാ അവസ്ഥകളിലും ഫലപ്രദം.

### 104. വാശാഗുളൂച്യാദി കഷായം (വി.ഒ.എസ്.)

*(അ.ഹൃ.-ചി.സ്ഥാ.-അ.16-പാണ്ഡുരോഗചികിത്സാ-ശ്ലോ.13)*

**വാശാഗുഡൂചീത്രിഫലാകടീഭൂനിംബനിംബജഃ**
**ക്വാഥഃ ക്ഷൗദ്രയുതോ ഹന്തി പാണ്ഡുപിത്താസ്രകാമലാഃ**

ആടലോടകവേര്, അമൃത്, ത്രിഫലത്തോട്, കടുരോഹിണി (/പയ്യാനിവേര്), കിരിയാത്ത (/പുത്തരിച്ചുണ്ടവേര്), വേപ്പിൻതൊലി എന്നിവകളെക്കൊണ്ടു കഷായം തയ്യാറാക്കി തേനും ചേർത്തു സേവിച്ചാൽ പാണ്ഡുരോഗം, രക്തപിത്തം, മഞ്ഞപ്പിത്തം എന്നിവ ശമിക്കും.

(സഹസ്രയോഗത്തിൽ പാണ്ഡുചികിത്സയിലും ഈ യോഗം കാണാം. കാമിലാചികിത്സയിൽ വാശാഗുളൂചീയഷ്ട്യാഹ്വ....എന്നിങ്ങിനെ മറ്റൊരു യോഗവുമുണ്ട്.)

### 105. വിദാര്യാദി കഷായം (വി.ഒ.എസ്.)

*(അ.ഹൃ.-സൂ.സ്ഥാ.-അ.15-ശോധനാദിഗണം-ശ്ലോ.9-10)*

**വിദാരിപഞ്ചാംഗുലവൃശ്ചികാളീ-**
**വൃശ്ചീവദേവാഹ്വയസൂപ്യപർണ്യഃ**
**കണ്ഡൂകരീ ജീവനഹ്രസ്വസംജ്ഞേ**
**ദ്വേ പഞ്ചകേ ഗോപസുതാ ത്രിപാദീ**
**വിദാര്യാദിരയം ഹൃദ്യോ ബൃംഹണോ വാതപിത്തഹാ**
**ശോഷഗുല്മാംഗമർദ്ദോർദ്ധ്വശ്വാസകാസഹരോ ഗണഃ**

പാൽമുതക്കിൻകിഴങ്ങ്, വെളുത്താവണക്കിൻവേര്, തേക്കടവേര്, തഴുതാമവേര്, ദേവതാരം, കാട്ടുഴുന്നിൻ വേര്, കാട്ടുപയറ്റിൻ വേര്, നായ്ക്കുരണവേര്, ജീവനപഞ്ചമൂലം (ശതാവരിക്കിഴങ്ങ്, കോവൽക്കിഴങ്ങ്, അടപതിയൻ കിഴങ്ങ്, ജീവകം, ഇടവകം( ഇവക്കു പകരം പാൽമുതക്കിൻ കിഴങ്ങു തന്നെ ചേർത്തുവരുന്നു), ഹ്രസ്വഞ്ചമൂലം (ഓരിലവേര്, മൂവിലവേര്, ചെറുവഴുതിനവേര്, വെൾവഴുതിനവേര്, ഞെരിഞ്ഞിൽ), നറുനീണ്ടിക്കിഴങ്ങ്, ചെറുപ്പുള്ളടിവേര് ഇവക്ക് വിദാര്യാദിഗണം എന്നു പേർ. ഈ ഗണം ഹൃദ്യവും  തടിപ്പിക്കുന്നതും വാതപിത്തഹരവുമാകുന്നു. യക്ഷ്മാദികാരണങ്ങളാലും മറ്റും ഉണ്ടാകുന്ന ശരീരശോഷം, ഗുല്മരോഗം, ദേഹം അടച്ചുള്ള വേദന, ഊർദ്ധ്വശ്വാസം, ചുമ എന്നിവയെയും ഈ കഷായം ശമിപ്പിക്കും.

**106. വില്വാദികഷായം**

*(സ.യോ.ഛർദ്ദി)*

**വില്വധാന്യകബലാമഹൗഷധൈർ-**
**ലാജമുദ്ഗസഹിതൈഃ ശൃതം ജലം**
**ഛർദ്ദിമാശു പിബതസ്സശർക്കരം**
**ഹന്തി വാതകഫപിത്തജാമപി**

കൂവളവേര്, കൊത്തമ്പാലയരി, കുറുന്തോട്ടിവേര്, ചുക്ക്,  മലര്, ചെറുപയർ ഇവ കഷായം. പഞ്ചസാരമേമ്പൊടി. ഏതു ദോഷം കൊണ്ടുണ്ടാകുന്ന ഛർദ്ദിയിലും ആശു ഫലപ്രദം.

**107. വസ്ത്യാമയാന്തകം കഷായം**

*(സ.യോ.-ഘൃതകല്പന)*

വസ്ത്യാമയാന്തകഘൃതയോഗദ്രവ്യങ്ങളാൽ തയ്യാറാക്കുന്നത്.

**ദാർവീമധുകമത്സ്യാക്ഷീപത്മാപാഷാണഭേദകൈഃ**
**ബൃഹത്യംശുമതീദ്വന്ദ്വശാരിബേക്ഷുകശേരുകൈഃ**
**കപോതപങ്കേക്ഷുരകം വസുകം ശിഗ്രു വാളകം**
**വാരാഹീ വരണം ദ്രാക്ഷാ ഭദ്രാ യഷ്ടീ പലംകഷാ**
**പൃഥക് ത്രിപലികം ക്ഷുണ്ണം സർവതുല്യം തു ഗോക്ഷുരം**
**ദ്രോണേ/പാം വിപചേത്തത്ര പാദശിഷ്ടേ പരിസ്രുതേ**
**പ്രക്ഷിപ്യ സർപിഷഃ പ്രസ്ഥം തദ്വത് ക്ഷീരം വരീരസം**
**ധാത്രീബിംബരസഞ്ചാപി നാളികേരോദകം തദാ**
**കൂശ്മാണ്ഡോർവാരുകജലം സ്നേഹദ്വിഗുണിതം പൃഥക്**
**ദ്രവൈസ്സുപിഷ്ടൈഃ സംയുക്തമേതത് മൃദ്വഗ്നിനാ പചേത്**
**പരുഷകോൽപലതുടീമധൂകഹിമദാരുഭിഃ**
**ത്രിഫലാപിപ്പല്യപാമാർഗമഞ്ജിഷ്ഠാപത്മകേസരൈഃ**
**മുസ്താകുസ്തുംബരീലോധ്രഹയഗന്ധാപുനർനവൈഃ**
**സ്വയംഗുപ്തേക്ഷുരഫലൈർവാർദ്ധിപത്രകശൃംഗിഭിഃ**
**ശിലാജിത്വർധഭാഗൈസ്തൈസ്സിദ്ധം തത്സേവിതം ഘൃതം**
**മൂത്രകൃച്ഛ്രാണി സർവാണി ശർകരാമശ്മരീമപി**
**പാനവസ്ത്യാദിഭിര്യുക്തോ നാശയേന്നാത്ര സംശയഃ**
**വാതപിത്തസമുൽപന്നാൻ സർവാൻ വസ്തിഗതാൻ ഗദാൻ**
**പ്രമേഹേണസഹ ക്ഷിപ്രമപാവർതയതേ ധ്രുവം**
**വസ്ത്യാമയാന്തകമിദം ദേവദേവേന ഭാഷിതം**

മരമഞ്ഞൾത്തൊലി, ഇലിപ്പക്കാതൽ, മീനാങ്ങാണി, ഓരിലത്താമര, കല്ലൂർവഞ്ചി, ചെറുവഴുതിനവേര്, വെൾ

ഴുതിനവേര്, ഓരിലവേര്, മൂവിലവേര്, നറുനീണ്ടിക്കിഴങ്ങ്, കരിമ്പ്, കുഴിമുത്തങ്ങ, അടയ്ക്കാമണിയൻവേരര്, വയൽച്ചുള്ളിവേര്, താർതാവൽവേര്, മുരിങ്ങവേരിൻതൊലി, ഇരുവേലി, നിലപ്പനക്കിഴങ്ങ്, നീർമാതളവേരിൻ തൊലി മുന്തിരിങ്ങാപ്പഴം, ചെറൂളവേര്, ഇരട്ടിമധുരം, കുമിഴിൻവേര്, ഇവ മൂന്നുപലം വീതം. എല്ലാം കൂടിയ തിനു സമം ഞെരിഞ്ഞിൽ. പതിനാറിടങ്ങഴി വെള്ളത്തിൽ കഷായം വെച്ചു നാലിടങ്ങഴിയാക്കി പിഴിഞ്ഞരി ക്കുക. ഇതിൽ ഇടങ്ങഴി നെയ്യും പാല്, ശതാവരിക്കിഴങ്ങിൻ നീര്, പച്ചനെല്ലിക്കാ നീർ, കോവലിൻ നീര്, ഇള നീർവെള്ളം, കുമ്പളങ്ങാനീര് ഇവ പ്രത്യേകം രണ്ടിടങ്ങഴി വീതം. ചിറ്റീന്തൽവേര്, ചെങ്ങഴിനീർക്കിഴങ്ങ്, ഏല ത്തരി, ഇലിപ്പക്കാതൽ, ചന്ദനം, ദേവതാരം ത്രിഫലത്തോട്, തിപ്പലി, അരേണുകം. ചുക്ക്, ഇന്തുപ്പ്, അത്തിത്തി പ്പലി, കടലാടിവേര്, മഞ്ചട്ടി, താമരയല്ലി, മുത്തങ്ങാക്കിഴങ്ങ്, തുമ്പണലരി, പാച്ചോറ്റിത്തൊലി, അമുക്കുരം, തവിഴാമവേര്, നായ്ക്കുരണവേര്, വയൽച്ചുള്ളി, ചെറിയ കാട്ടുമുതിരയില, കർക്കടകശൃംഗി ശിലാജതു എന്നിവ കല്ക്കനും ചേർത്ത് കാച്ചിയരിച്ചു സേവിക്കുക.

എല്ലാവിധത്തിലുള്ള മൂത്രകൃച്ഛ്റങ്ങളും മൂത്രത്തിലെ കല്ലും ഇതിന്റെ സേവനം കൊണ്ടും വസ്തികൊണ്ടും ശമിക്കും. വസ്തിയെ ആശ്രയിച്ച് വാതപിത്തങ്ങളെക്കൊണ്ടുണ്ടാകുന്ന എല്ലാ രോഗങ്ങളിലും ഇത് ഹിതമാ കുന്നു. പ്രമേഹത്തിലും ഫലപ്രദമത്രെ.

**108. വിളംഗകൃഷ്ണാദി**

*(സ.യോ.കൃമി)*

**വിളംഗകൃഷ്ണാമരിചനിർഗുണ്ഡീമൂലശിഗ്രുഭിഃ**
**ഭാർങ്ഗീവിശ്വാഖുകർണ്ണ്യബ്ദൈഃ ക്വാഥഃ കൃമിഹരഃ പരം**

വിഴാലരി, തിപ്പലി, കുരുമുളക്, കരുനൊച്ചിവേര്, മുരിങ്ങവേരിന്മേൽതൊലി, ചെറുതേക്കിൻവേര്, ചുക്ക്, എലിച്ചെവിയൻവേര്, മുത്തങ്ങ എന്നിവയുടെ കഷായം വയറ്റിലെ കൃമികളെ നശിപ്പിക്കുന്നതാണ്.

**109. വിഴാൽവേരാദികഷായം**

*(സ.യോ.ശൂല)*

**വിഴാലിൻവേർ കടലാടി ഭൂസുരമരം ചുക്കുള്ളി കോൾ കൂവളം**
**മുഞ്ഞാ മൂവിലയാവണക്കു പുടയാവെള്ളും തഥാ മോരടം**
**ഒക്കെക്കൂട്ടി നെറുത്തുകൊണ്ടെതിരവേ കായം കണാ സൈന്ധവം**
**ക്ഷാരം മേല്പൊടിയിട്ടു പീതമുപദേശംപോലിദം ശൂലനാം**

വിഴാൽവേര്, കടലാടിവേര്, ദേവതാരം, ചുക്ക്, വെളുത്തുള്ളി, മുതിര, കൂവളവേര്, മുഞ്ഞവേര്, മൂവിലവേര്, ആവണക്കിൻവേര്, എലിച്ചെവി, എളള്, പെരുങ്കുരുമ്പവേര് എന്നിവ കഷായം വെച്ച് കായം തിപ്പലി ഇന്തുപ്പ് യവക്ഷാരം ഇവയിലൊന്ന് മേല്പൊടിയിട്ട് കുടിക്ക. വയറുവേദനയ്ക്ക് അത്യന്തം ഫലപ്രദം..

താഴെപറയുന്ന യോഗവും വിഴാൽവേരാദി എന്ന പേരിൽ ലഭ്യമാണ്

**വിഴാൽചിത്രയോർമ്മൂലവും ചുക്കുമെള്ളും**
**പലാശത്വചാ പാരിഭദ്രസ്യ തോലും**
**തകർത്തിട്ടു വെന്തുപ്പു കായം കലർത്തി-**
**കുടിച്ചാലടങ്ങാത്തഗുല്മങ്ങളുണ്ടോ**

വിഴാലിൻവേര്, ആവണക്കിൻവേര്, ചുക്ക്, എളള്, പ്ലാശിൻതൊലി, മുരിക്കിൻവേർതൊലി ഇവ കഷായം.

ഇന്തുപ്പും കായവും മേമ്പൊടി. ഗുല്മങ്ങൾക്കെല്ലാം വിശേഷം.

**110. വീരതരാദികഷായം.**

*(അ.ഹൃ.സൂ.സ്ഥാ.അ.15-ശോധനാദിഗണം.24-25)*

**വേല്ലന്തരാരണികടുകവൃഷാശ്മഭേദ-**
**ഗോകണ്ടകേത്കടസഹാചരബാണകാശാഃ**
**വൃക്ഷാദനീനളകുശദ്വയഗുണ്ഠഗുന്ദ്രാ-**
**ഭല്ലൂകമോരടകുരണ്ടകരംഭപാർഥാഃ**
**വർഗ്ഗോ വീരതരാദ്യോ/യം ഹന്തി വാതകൃതാൻ ഗദാൻ**
**അശ്മരീശർക്കരാമൂത്രകൃച്ഛ്രാഘാതരുജാപഹാം**

രാമച്ചം, മുഞ്ഞവേര്, താർതാവൽവേര്, ആടലോടകവേര്, കല്ലൂർവഞ്ഞിവേര്, ഞെരിഞ്ഞിൽ, ഇലുങ്ങിൻവേര്, കരിങ്കുറിഞ്ഞിവേര്, കൊഴിഞ്ഞിൽവേര്, കുശവേര്, ഇത്തിക്കണ്ണി, ദർഭവേര്, ആറ്റുദർഭവേര്, പൊട്ടപ്പുല്ല്, കമ്പ ത്തിൻ വേര്, കുരുപരുത്തിവേര്, പെരുങ്കുരുമ്പവേര്, പലകപ്പയ്യാനി ,കദളിവാഴക്കിഴങ്ങ്, മുയൽച്ചെവിവേര്, ചെറൂളവേര്, നിലപ്പനക്കിഴങ്ങ്, നീർമരുതിൻതൊലി. ഇത് വീരതരാദിഗണമാകുന്നു. ഇതുകൊണ്ടുള്ള കഷായം

വൈദ്യരത്നം ഔഷധശാല

വാതികമായ അവസ്ഥകളിൽ ഉപയോഗയോഗ്യമാണ്. അശ്മരി, ശർക്കര മൂത്രാഘാതം മൂത്രകൃച്ഛ്റം എന്നിവയിലെ വേദനയെ ശമിപ്പിക്കുവാൻ ഈ യോഗത്തിന് പ്രത്യേകം കഴിവുണ്ട്.

**111. വ്യാഘ്ര്യാദികഷായം**

*(അ.ഹൃ.ചി.സ്ഥാ.അ.1-ജ്വ.ചി.)*

**വ്യാഘ്രീശുണ്ഠ്യമൃതാക്വാഥഃ പിപ്പലീചൂർണ്ണസംയുതഃ**
**വാതശ്ലേഷ്മജ്വരശ്വാസകാസപീനസശൂലജിത്**

ചെറുവഴുതിനവേര്(കണ്ടകാരി-പുത്തരിച്ചുണ്ട), ചുക്ക്, ചിറ്റമൃത് ഇവവയുടെ കഷായത്തിൽ തിപ്പലി മേമ്പൊടി ചേർത്തു സേവിക്കിൽ വാതകഫജമായപനിക്കും അതോടനുബന്ധിച്ച ശ്വാസം ചുമ മൂക്കൊലിപ്പ് എന്നിവയ്ക്കും ശരീരവേദനയ്ക്കും ശമനം ലഭിക്കും.

അമൃത് 6, ചെറുവഴുതിന 4, ചുക്ക് 2 എന്നിങ്ങിനെ ജ്വരത്തിലും

ചെറുവഴുതിന 6, അമൃത് 4, ചുക്ക് 2 എന്നിങ്ങിനെ കാസത്തിലും

ചുക്ക് 6, അമൃത് 4, ചെറുവഴുതിന 2 എന്നിങ്ങിനെ പീനസശിരഃശൂലാദികളിലും വൃദ്ധവൈദ്യന്മാർ ക്രമം നിർദ്ദേശിച്ചിരുന്നതായി അറിവുണ്ട്.

**112. വ്യാഘ്രീഗോക്ഷുരകാദികഷായം**

*(സ.യോ.-മൂത്രകൃച്ഛ്റചികിത്സ)*

**വ്യാഘ്രീഗോക്ഷുരമത്സ്യാക്ഷീപത്മപാഷാണഭേദകൈഃ**
**കപോതപംകകതകവരീവസുകവാളകൈഃ**
**ശൃതക്ഷീരാദ്വിശിഷ്ടോ/യം കഷായഃ ശർകരാന്വിതഃ**
**മൂത്രകൃച്ഛ്റാണി സർവാണി രക്തസ്രാവഞ്ച നാശയേത്**

ചെറുവഴുതിനവേര്, ഞെരിഞ്ഞിൽ, മീനാങ്ങാണി, ഓരിലത്താമര, കല്ലൂർവഞ്ചിവേര്, അടയ്ക്കാമണിയൻവേര്, തേറ്റാമ്പരൽ, ശതാവരിക്കിഴങ്ങ്അ, താർതാവൽവേര്, ഇരുവേലി ഇവകളാൽ തയ്യാറാക്കുന്ന പാൽക്കഷായം പഞ്ചസാരയും ചേർത്തു സേവിക്കുക. എല്ലാവിധത്തിലുള്ള മൂത്രമടപ്പും മൂത്രമാർഗ്ഗേണയുള്ള രക്തം പോക്കും ശമിക്കുന്നതാണ്.

**113. വ്യോഷചിത്രകാദികഷായം**

*(അ.ഹൃ.ചി.സ്ഥാ.അ.21-വാ.വ്യാ.ചി 49)*

**വ്യോഷാഗ്നിമുസ്തത്രിഫലാവിഡംഗൈർഗുഗ്ഗുലും സമം**
**ഖാദൻ സർവ്വാൻ ജയേദ്വ്യാധീൻ മേദഃശ്ലേഷ്മാമവാതജാൻ**

ചുക്ക്, മുളക്, തിപ്പലി, കൊടുവേലി, മുത്തങ്ങ, കടുക്ക, നെല്ലിയ്ക്ക, താന്നിയ്ക്ക, വിഴാലരി, ഗുൽഗുലു എന്നിവ സമം പൊടിച്ചു ചേർത്ത് സേവിക്കുക. മേദസ്സ് കഫം എന്നിവയും ആമവും അനുബന്ധമായുള്ള വാതരോഗങ്ങ ശമിക്കും. കഷായമായി ലഭിക്കുന്നു.

**114. വ്യോഷാദികഷായം**

*(സ.യോ.പാണ്ഡു)*

**വ്യോഷാജമോജതവിഴാമകരിമ്പിരുമ്പു-**
**പഥ്യാബലാപുളിഞ്ഞെരമ്പുപുരാണകിട്ടം**
**ജംബീരപക്വനിശവജ്ജലതാത്രിപാദീ**
**തച്ചിട്ടതക്രമുഷിതം വിനിഹന്തി പാണ്ഡും**

ചുക്ക്, കുരുമുളക്, തിപ്പലി, അയമോദകം, തവിഴാമവേര്, കരിമ്പ്, ഇരുമ്പിൻകിട്, കടുക്കത്തോട്, കുറുന്തോട്ടിവേര്, പുളിഞ്ഞരമ്പ്, പുരാണകിട്ടം, പഴുത്ത ചെറുനാരങ്ങ, വരട്ടുമഞ്ഞൾ, ഉഴിഞ്ഞ, ചങ്ങലംപരണ്ട ഇവ കഴുകി ചതച്ച് മോരിൽ ഒരു രാത്രി മുഴുവനും ഇട്ടുവെച്ച് പിഴിഞ്ഞരിച്ച് കുടിക്കുക. പാണ്ഡുരോഗം ശമിക്കും.

**115. ശതാവരീഛിന്നരുഹാദികഷായം (വി.ഒ.എസ്.)**

*(സ.യോ.-വാതരക്തം)*

**ശതാവരീഛിന്നരുഹാമലത്വക്**
**ബലേക്ഷുകാണ്ഡേക്ഷുരസംഭൃതാംഭഃ**
**കല്കേന യഷ്ടീമധുകസ്യ മിശ്രം**

**ധുനോതി വാതാസ്രമഥാസ്രപിത്തം**

ശതാവരിക്കിഴങ്ങ്, ചിറ്റമൃത്, നെല്ലിക്കാത്തോട്, കുറുന്തോട്ടിവേര്, കരിമ്പ്, വയൽച്ചുള്ളിവേര് ഇവകളുടെ കഷായം ഇരട്ടിമധുരം പൊടിച്ച് മേമ്പൊടിചേർത്തു സേവിക്കുക. വാതരക്തം, രക്തപിത്തം എന്നിവയെ ഇല്ലാതാക്കും.

ശതാവര്യാദികം ക്വാഥം സക്ഷീരം വാ നിഷേവയേൽ (സുഖസാധകം-വാതശോണിതം-72)

**116. ശതാവര്യാദികഷായം**

*(സ.യോ.വാതം)*

**ശതാവരീ നല്ല കടുക്ക മുസ്താ**
**കച്ചൂരി രോഹിണ്യപി ദേവദാരു**
**അരത്തയേരണ്ഡബലാ കുറുഞ്ഞീ**
**ശതാഹ്വകുപ്പാ തവിഴാമ ചുണ്ടാ**
**മൂലങ്ങൾ പത്തും വൃഷമെന്നിതെല്ലാം**
**ഓരോ കഴഞ്ചായ് ക്വഥിതം നിധായ**
**പകുത്തു രണ്ടായൊരുകുറ്റിൽ മുന്ന-**
**മേരണ്ഡജം സൈന്ധവമിട്ടുകൊള്ളൂ**
**മറ്റേതു പിന്നെ സിതയാ യവാന്യാ**
**പ്രഭാതസന്ധ്യാസമയേ/പി പാനാത്**
**അകന്നുപോമെൺപതുജാതി വാതം**
**ഷഡംഗപാനാൽ ജ്വരമെന്നപോലെ**

ശതാവരിക്കിഴങ്ങ്, കടുക്കത്തൊണ്ട്, മുത്തങ്ങ, കച്ചോലം, കടുരോഹിണി, ദേവതാരം, ചുവന്നരത്ത, ആവണക്കിൻവേര്, കുറുന്തോട്ടിവേര്, കരിങ്കുറിഞ്ഞിവേര്, ചതകുപ്പ, തവിഴാമവേര്, പുത്തരിച്ചുണ്ടവേര്, ദശമൂലം പത്ത്, ആടലോടകവേര് ഇവയെല്ലാം സമം എടുത്ത് കഷായം വെച്ച് അതിൽ ഒരു പകുതി രാവിലെയും മറ്റേത് വൈകീട്ടും കഴിക്കണം. രാവിലെ കഷായത്തിൽ ആവണക്കെണ്ണയും ഇന്തുപ്പും മേമ്പൊടി ചേർക്കണം. വൈകീട്ടാകട്ടെ പഞ്ചസാരയും ജീരകം പൊടിച്ചതുമാണ് മേമ്പൊടിക്ക്. പനിയിൽ ഷഡംഗമെന്നപോലെയാണ് വാതത്തിൽ ഈ കഷായത്തിന്റെയും പ്രഭാവം..

**117. ശുണ്ഠീബലാദികഷായം (വി.ഒ.എസ്.)**

*(സ.യോ.വാതം)*

**ശുണ്ഠീബലാദ്വയക്വാഥഃ സുപ്തവാതനിബർഹണഃ**

ചുക്ക്, കുറുന്തോട്ടിവേര്, ആനക്കുറുന്തോട്ടിവേര് (ഊരകത്തിൻ വേര്) ഇവയുടെ കഷായം തരിപ്പിനെ ഇല്ലാതാക്കും.

**118. ഷഡംഗം കഷായം**

*(അ.ഹൃ.ചി.സ്ഥാ.ജ്വ.ചി-15, സ.യോ.ജ്വരം)*

**ഘനചന്ദനശുണ്ഠ്യംബുപർപ്പടോശീരസാധിതം**
**ശീതം തേഭ്യോ ഹിതം തോയം പാചനം തൃട്ജ്വരാപഹം**

മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം. ഇങ്ങിനെ ആറുകൂട്ടം മരുന്നുകൾ കഷായമായോ തോയപാകവിധിയനുസരിച്ച് കുടിവെള്ളമായോ കല്പിച്ച് ഉപയോഗിക്കുക. പനിയെ ശമിപ്പിക്കുന്നതോടൊപ്പം ആമപാചനവും വെള്ളം ദാഹത്തെ ഇല്ലാതാക്കുന്നതുമാണ്.

**119. സപ്തസാരം കഷായം (വി.ഒ.എസ്.)**

*(സ.യോ.-ഗുല്മം)*

**വർഷാഭൂവില്വഖല്ലോരുബുസഹചരശു-**
**ണ്ഠ്യഗ്നിമന്ഥൈഃ കഷായഃ**
**പാതവ്യഃ സപ്തസാരോ ഗുളകണപടുഹിം-**
**ഗ്വാജ്യയുക്തോ യഥാർഹം**
**വിട്ബന്ധം വഹ്നിമാന്ദ്യം രുജമതിമഹതിം**
**യോനിഹൃത്കുക്ഷിപൃഷ്ഠം-**

**ശ്രോണീദേശേഷു സദ്യശ്ശമയതി ജാരാ-**
**ഷ്ഠീലഗുന്മപ്ലീഹാംശ്ച**

തവിഴാമവേര്, കൂവളവേര്, മുതിര, വെളുത്താവണക്കിൻ വേര്, കരിങ്കുറുഞ്ഞിവേര്, മുഞ്ഞവേര് എന്നിങ്ങിനെ കഷായം സേവിക്കുക. ശർക്കര, തിപ്പലി, ഇന്തുപ്പ്, കായം ഇവയേതെങ്കിലും യുക്ത്യനുസാരേണ മേമ്പൊടിയും ചേർക്കുക. സപ്തസാരമെന്ന ഈ കഷായം മലബന്ധം, ദഹനക്കുറവ് എന്നിവയെ ഇല്ലാതാക്കും. യോനി, ഹൃദയം, വയറ്, മുതുക്, അരക്കെട്ട് എന്നിവിടങ്ങളിലെ ശക്തമായ വേദനയേയും ശമിപ്പിക്കും.

**120. സപ്തഛദാദി കഷായം (വി.ഒ.എസ്.)**

(അ.ഹൃ.-ഉ..സ്ഥാ..-അ.22-മുഖരോഗപ്രതിഷേധം-ശ്ലോ.103) (ഗണ്ഡൂഷം)

**സപ്തച്ഛദോശീരപടോലമുസ്ത-**
**ഹരീതകീതിക്തകരോഹിണീഭിഃ**
**യഷ്ട്യാഹ്വരാജദ്രുമചന്ദനൈശ്ച**
**ക്വാഥം പിബേത്പാകഹരം മുഖസ്യ**

ഏഴിലംപാലത്തൊലി, രാമച്ചം, പടവലത്തണ്ട്, മുത്തങ്ങ, കടുക്കത്തോട്, പുത്തരിച്ചുണ്ടവേര്, കടുരോഹിണി, ഇരട്ടിമധുരം, കൊന്നത്തൊലി, ചന്ദനം-ഇവകൊണ്ട് കഷായം വെച്ച് കവിൾക്കൊള്ളുക മുഖപാകം (വായ്പ്പുണ്ണ് മുതലയാവ) ശമിക്കും.

**121. സഹചരാദി കഷായം (വി.ഒ.എസ്.)**

(അ.ഹൃ-ചി.സ്ഥാ.-അ.21-വാതവ്യാധിചികിത്സ,55)

**സഹചരം സുരദാരു സനാഗരം**
**ക്വഥിതമംഭസി തൈലവിമിശ്രിതം**
**പവനപീഡിതദേഹഗതിഃ പിബേത്**
**ദ്രുതവിളംബിതഗോ ഭവതീച്ഛയാ**

കരിങ്കുറുഞ്ഞിവേര്, ദേവതാരം ഇവ ചുക്കോടുകൂടി കഷായം വെച്ച് (6-4-2 എന്ന അനുപാതമാണ് കേരളത്തിൽ നടപ്പുള്ളത്) എണ്ണ മേമ്പൊടി ചേർത്ത് വാതരോഗത്താൽ പീഡിപ്പിക്കപ്പെട്ടവർ സേവിച്ചാൽ വളരെ വേഗത്തിൽ സുഖം പ്രാപിച്ച് ഇച്ഛാനുസരണം നടക്കുവാൻ കഴിയും.

**സഹചരം സുരദാരു ച നാഗരം**
**ത്രയമഥദ്വയമേകമിതി ക്രമാത്**
**ക്വഥിമംഭസി തൈലസമന്വിതം**
**പിബതി വാതവികാരവിനാശനം**

*ചികിത്സാക്രമം വാതചികിത്സ(ശ്ലോ.74)*

**കരിങ്കുറുഞ്ഞിദേവദ്രുനാഗരൈഃ ക്വഥിതം ജലം**
**ത്രീണിദ്വൈകമിദം സർവം വാതരോഗെ വിശേഷതഃ**

*ബാലചികിത്സ*

ഇവ രണ്ടും കേരളീയപാഠങ്ങളാണ്.

**122. സുകുമാരം കഷായം (വി.ഒ.എസ്.)**

*(അ.ഹൃ.-ചി..സ്ഥാ..-അ.13-ഗുല്ചികിത്സാ-ശ്ലോ.41-47)*

**പചേത് പുനർനവതുലാം തഥാ ദശപലാഃ പൃഥക്**
**ദശമൂലപയസ്യാശ്വഗന്ധൈരണ്ഡശതാവരീഃ**
**ദ്വിദർഭശരകാശേക്ഷുമൂലപോട്ടഗളാന്വിതാഃ**
**വഹേ/പാമഷ്ടഭാഗസ്ഥേ തത്ര ത്രിംശത്പലം ഗുഡാത്**
**പ്രസ്ഥമേരണ്ഡതൈലസ്യ ദ്വൗ ഘൃതാത് പയസസ്തഥാ**
**ആവപേദ് ദ്വിപലാംശം ച കൃഷ്ണാതന്മൂലസൈന്ധവം**
**യഷ്ടീമധുകമൃദ്വീകായവാനീനാഗരാണി ച**
**തത്സിദ്ധം സുകുമാരാഖ്യം സുകുമാരം രസായനം**
**വാതാതപാധ്വയാനാദിപരിഹാര്യേഷ്വയന്ത്രണം**
**പ്രയോജ്യം സുകുമാരാണാമീശ്വരാണാം സുഖാത്മനാം**
**നൃണാം സ്ത്രീവൃന്ദഭർത്തൄണാമലക്ഷ്മീകലിനാശനം**
**സർവകാലോപയോഗേന കാന്തിലാവണ്യപുഷ്ടിദം**

വൈദ്യരത്നം ഔഷധശാല

**വർധ്മവിദ്രധിഗുല്മാർശോയോനിമേഢ്രാനിലാർത്തിഷു**
**ശോഫോദരഖുഡപ്ലീഹവിഡ്വിബന്ധേഷു ചോത്തമം**

തവിഴാമവേര്, ദശമൂലം പ്രത്യേകം, അടപതിയൻ കിഴങ്ങ്, അമുക്കുരം, വെളുത്താവണക്കിൻ വേര്, ശതാവരിക്കിഴങ്ങ്, ദർഭവേര്, ആറ്റുദർഭവേര്, അമവേര്, കുശവേര്, കരിമ്പിൻവേര്, അടയ്ക്കാമണിയൻ വേര്, തിപ്പലി, കാട്ടുതിപ്പലിവേര്, ഇന്തുപ്പ്, ഇരട്ടിമധുരം, മുന്തിരിങ്ങ, ജീരകം, ചുക്ക് ഇവ കഷായം വെച്ച് സേവിക്കുക. (ഇതിൽ ഇന്തുപ്പ് മേമ്പൊടിയായി ചേർത്താൽ മതി. കഷായം വെയ്ക്കുമ്പോൾ ചേർക്കേണ്ടതില്ല). സാധാരണയായി തവിഴാമ മറ്റുമരുന്നുകളേക്കാൾ നാലിരട്ടി ചേർത്താണ് കഷായം വച്ചുവരുന്നത്. കാറ്റും വെയിലും കൊണ്ടു നടക്കുന്നവർ, ധാരാളം യാത്ര ചെയ്യുന്നവർ, പഥ്യം പാലിക്കുവാൻ സാധിക്കാത്തവർ, അനേകം സ്ത്രീകളുടെ ഭർത്താവായിരിക്കുന്നവർ (മൈഥുനാദികളിൽ നിയന്ത്രണമില്ലാത്തവർ) ഇവർക്കെല്ലാം അപായമില്ലാതെ ഉപയോഗിക്കുവാൻ യോഗ്യമായതാണ് സുകുമാരം എന്ന ഈ യോഗം. ഇതിന്റെ തുടർച്ചയായ സേവനം കൊണ്ട് ശരീരകാന്തി, സൗകുമാര്യം, പുഷ്ടി എന്നിവ ഉണ്ടാകും. വൃദ്ധി, വിദ്രധി, ഗുല്മം, അർശസ്സ്, യോനിവേദന, വാതരോഗങ്ങൾ, നീര്, ഉദരരോഗം, രക്തവാതം, പ്ളീഹരോഗം എന്നിവ ശമിക്കും. മലബന്ധരോഗികൾക്കും നിത്യേന ശീലിക്കാവുന്നതാണ്. സുകുമാരഘൃതം ആണ് ഇപ്രകാരം തുടർച്ചയായി കഴിക്കുവാൻ വിധിക്കുന്നത്. കഷായം ഘൃതം പോലെ തുടർച്ചയായി സേവിക്കുവാനുള്ളതല്ല.

**123. ഹംസപാദ്യാദികഷായം**

(വൈദ്യമനോരമ)

**ഹംസപാദ്യമൃതാനിംബപിപ്പലീവൃഷകൈഃ ശൃതം**
**പായയേൽ ഗളഗണ്ഡം ച ഗണ്ഡമാലാം ച നാശയേൽ**

നിലപ്പുള്ളടി, ചിറ്റമൃത്, വേപ്പിൻതൊലി, തിപ്പലി, ആടലോടകവേര് ഇവ കഷായം വെച്ചു സേവിക്കുക. ഗളഗണ്ഡം ഗണ്ഡമാല ഇവയ്ക്ക് ശമനം വരും.

*ശുഭം*

വൈദ്യരത്നം ഔഷധശാല